# നീഹാരം

ഡിജിറ്റൽ മാഗസിൻ

ടി. എസ്. എസ്. വടക്കാങ്ങര

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| എഡിറ്റേഴ്സ് | : | മുഹമ്മദ് ഇഖ്ബാൽ (കൈറ്റ് മാസ്റ്റർ) |
| | | ശ്രീകല. സി (കൈറ്റ് മിസ്ട്രസ്സ്) |
| | | മനോജ്. സി (എസ്. ഐ. ടി. സി) |
| | | സുരേഷ് മാസ്റ്റർ |
| | | കൃഷ്ണദാസ് മാസ്റ്റർ |
| | | റസാഖ് മാസ്റ്റർ |
| | | ധന്യ ടീച്ചർ |
| സ്റ്റുഡന്റ് എഡിറ്റേഴ്സ് | : | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ |
| കവർ ഡിസൈൻ | : | ആദിൽ മുഹമ്മദ് 9D |

# എഡിറ്റോറിയൽ

ഐ ടി @ സ്കൂളിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ് രാജ്യത്തെത്തന്നെ കുട്ടികളുടെ ഏറ്റവും വലിയ ശൃംഖലയായി മാറിക്കൊണ്ടിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഡിജിറ്റൽ മാഗസിൻ "നീഹാരം" തയ്യാറാക്കിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ സർഗ്ഗവാസന സാങ്കേതികവിദ്യയിലൂടെ പുറംലോകത്തേക്ക് എത്തിക്കുകയാണ് "നീഹാരം". സാങ്കേതികവിദ്യ വളരെ വേഗത്തിൽ ലോകം കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നതാണ്.

ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെയും മറ്റ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രയത്നത്തിലൂടെയും സഹകരണത്തിലൂടെയും പിറവിയെടുത്ത "നീഹാരം" അതിന്റെ എല്ലാ പരിമിതികളോടും കൂടി നിങ്ങൾ സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ....

## സന്ദേശം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻറെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് പദ്ധതി യുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവര സാങ്കേതികവിദ്യയിൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജരാക്കുന്നതാണ് ലിറ്റിൽ കൈറ്റ്സ്. നമ്മുടെ ഈ കൂട്ടായ്മയുടെ ഐസിടി പ്രായോഗിക മികവും, സർഗാത്മകതയും ഒത്തുചേർന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും.

ശ്രീമതി. പ്രസന്ന കുമാരി
ഹെഡ് മിസ്ട്രസ്

## *സന്ദേശം*

നിങ്ങൾ നക്ഷത്രങ്ങളെ ലക്ഷ്യമാക്കുമ്പോൾ നിങ്ങൾക്ക് നേടാൻ കഴിയുന്നത് ഒരുപക്ഷേ ചന്ദ്രനെയായിരിക്കും, എന്നാൽ മരക്കൊമ്പിനെ ലക്ഷ്യമാക്കിയാൽ നിങ്ങൾ ചളിയിൽത്തന്നെ വീണു പോയേക്കാം.

" എളുപ്പത്തിൽ നേടിയെടുക്കാവുന്ന ലക്ഷ്യങ്ങൾ നമ്മുടെ കഴിവിനേയും കഠിനാദ്ധ്വാനത്തേയും ആവശ്യപ്പെടാത്തതിനാൽ നാം സാധാരണയിലും ഉയർന്ന തലത്തിലുള്ള ലക്ഷ്യങ്ങളെ സ്വപ്നമാക്കേണ്ടതുണ്ട്.! എന്ന ചിന്തയെ ദ്യോതിപ്പിക്കുന്ന ഈ യൂറോപ്യൻ പഴമൊഴിയാവട്ടെ നാളേക്കുള്ള വഴി വെളിച്ചം, വൃക്ഷങ്ങളെന്നത് ആകാശങ്ങളിലേക്ക് ചെന്നെത്തുവാനുള്ള ഭൂമിയുടെ ആകാംക്ഷയും അഭിലാഷവുമത്രേ.! അതിലൂടെ ഭൂമി ആകാശങ്ങളെ സ്പർശിക്കുവാൻ അതിന്റെ കൈകൾ നീട്ടിക്കൊണ്ടേയിരിക്കുകയാണ്.!"

വിശ്വപ്രസിദ്ധ ചിത്രകാരനായ വാൻഗോഗിന്റെ വാക്കുകളാണിത്.

ഓരോ മനുഷ്യനിലും കുടികൊള്ളുന്ന അനന്തമായ സാധ്യതകൾ അവരുടെ ആകാശങ്ങളെ സ്പർശിക്കാനുള്ള ദാഹമായി പരിവർത്തനം ചെയ്യുമ്പോൾ മാത്രമാണ് അവർ നേട്ടങ്ങളെ കൊയ്തെടുക്കുന്നത്.

ഒരു തൂവൽ നഷ്ടപ്പെട്ടു എന്ന് കരുതി ഒരു പക്ഷിയും പറക്കാതിരുന്നിട്ടില്ല.... അതുപോലെ ഒരു പരാജയമോ, നഷ്ടമോ വന്നാൽ നാം ഒരിക്കലും തളരാനും പാടില്ല...

പെൻസിലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇടയ്ക്കിടക്ക് അതിന്റെ മുന ചെത്തിമിനുക്കി മൂർച്ച കൂട്ടേണ്ടി വരുന്നു.!

ചെത്തിമിനുക്കുമ്പോൾ ഉണ്ടാകുന്ന ആത്മവേദന മുഴുവൻ അതിന്റെ തന്നെ ആത്മമികവിന് കാരണമാകുന്നത്പോലെ രോഗപീഡകളോ ജീവിതപ്രതിസന്ധികളോ ഒരാളുടെ ആത്മപരിവർത്തനത്തിനും ആത്മതേജസ്സിനും ഉതകുന്ന മികച്ച ജീവിത പാഠങ്ങളത്രേ.

കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നേറുന്ന വിദ്യാർത്ഥി സമൂഹത്തിനെ സ്കൂൾ ഹൈടെക് പദ്ധതിയുടെ ഭാഗമായി വിവരസാങ്കേതിക വിദ്യയിൽ മികവുറ്റവരാക്കാൻ ഉദ്ദേശിച്ചുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്ന അണിയറ ശിൽപ്പികൾക്കും നന്മകൾ നേരുന്നു.

ആശംസകൾ..

ഷമീർ രാമപുരം
പി.ടി.എ. പ്രസിഡന്റ്

## സന്ദേശം

തങ്ങൾ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിവരമറിഞ്ഞു. ഇലക്ട്രോണിക് മീഡിയ രംഗത്തിന് വളരെയധികം പ്രാധാന്യമുള്ള ഈ കാലത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വളരെയധികം പ്രശംസനീയമാണ്. ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ക്ലബ് കൺവീനർമാരായ അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

റഷീദ് പൊന്നങ്ങാതൊടി
സ്റ്റാഫ് സെക്രട്ടറി

## ഉള്ളടക്കം


കവിത

കരിവണ്ടുകൾ............................................................8

കഥ

മുൻവിധിയില്ലാത്ത തിരുത്തൽ.......................................9

ലേഖനം

നവകേരളനിർമിതി പ്രശ്നവും പരിഹാരവും.....................11

കുറിപ്പ്

സാഹിത്യത്തിന്റെ സുൽത്താനെ ഓർക്കുമ്പോൾ.............12

ലേഖനം

അദ്ധ്യാപകർ............................................................14

കഥ

സ്വർണ്ണക്കണ്ണുള്ള രാജകുമാരി.....................................16

യാത്രാവിവരണം

ഓർമ്മയിലേക്ക് ഒരു കയ്യൊപ്പ്...................................18

ആസ്വാദനക്കുറിപ്പ്

ഹെലൻ കെല്ലർ........................................................20

ലേഖനം

അഗ്നിച്ചിറകുള്ള അത്ഭുത പ്രതിഭ.................................21

Article

A Short break...........................................................24

കവിത

കാലവർഷം..............................................................25

ലേഖനം

പ്രവാസി..................................................................26

ആസ്വാദനക്കുറിപ്പ്

ആയിരത്തൊന്ന് രാവുകൾ..........................................29

ചെറുകഥ

ഞാൻ ഒരു പാഴ്‌വസ്തു.................................................30

ഞാൻ ഒരു കള്ളൻ.....................................................30

യാത്രാവിവരണം

പഠനയാത്ര.............................................................32

കഥ

സ്വപ്നം കളയുന്ന പിൻവിളി.........................................35

ലേഖനം

വായന എന്ന മാസ്മരിക ലോകം..................................36

കവിത

നനഞ്ഞ പകലിൽ വ്രണങ്ങൾ.....................................38

ലേഖനം

വീരാൻകുട്ടിയുടെ കവിതകളിലെ പരിസ്ഥിതി ചിന്തകൾ..39

കഥ

ഉമ്മ.......................................................................44

ലേഖനം

വിദ്യാർത്ഥികളും സമൂഹവും.........................................45

കഥ

ആ വിളിക്കായ് കാത്തിരുന്ന്.......................................47

ലേഖനം

ചന്ദ്രൻ എന്ന വിസ്മയം...............................................48

ആസ്വാദനക്കുറിപ്പ്

മോനിയ എന്ന കുട്ടി...................................................50

ലേഖനം

അതിജീവന പാതയിൽ..............................................51

ആസ്വാദനക്കുറിപ്പ്

ജൂലിയസ് സീസർ.....................................................53

ലേഖനം

പ്രകൃതിസംരക്ഷണം മനുഷ്യസംരക്ഷണത്തിന്..............54

കവിത

ഈറനണിയുന്ന പകൽ...............................................56

## കവിത

ഹിബ. പി 9A

# കരിവണ്ടുകൾ

കറുത്തിരുണ്ട ചെറുവണ്ടുകൾ കവിയുടെ
തൂലികയിലൂടെ ഒലിച്ചിറങ്ങി.
കാർമേഘം മൂടിയ കവിയുടെ മനസ്സിൽ
നിന്നു വാക്കുകൾ മഴചൊരിഞ്ഞു.
അത് കഥയായി കവിതയായി..........
സാഹിത്യ സാഗരങ്ങളായി............
തൂലിക ശാന്തമായി..........
മറ്റൊരു സാഗരത്തിനായ് കാത്തിരുന്നു.

കഥ

അർഷാന. കെ. പി. 10A

# മുൻവിധിയില്ലാത്ത തിരുത്തൽ

അകലെ നിന്നും കേൾക്കുന്ന തീവണ്ടിയുടെ ഇരമ്പലിലേക്ക് അയാൾ നടന്നടുക്കുകയാണ്. ജീവിതത്തിന്റെ അവസാനം തീവണ്ടിക്കടിയിൽ പെട്ട് ഞെരുങ്ങാൻ ഇനി നിമിഷങ്ങൾ മാത്രം.

അയാൾ ഓർത്തു...

എത്ര പെട്ടെന്നാണ് ദൈവത്തിന്റെ അജ്ഞാത കരങ്ങൾ തന്റെ ജീവിതത്തെ പിടിച്ചുലച്ചത്. 30 വർഷത്തെ പ്രവാസ ജീവിതം, അവസാനം ചോരയും നീരുമില്ലാതെ നാട്ടിൽ തിരിച്ചെത്തി. സമ്പാദ്യവും ആരോഗ്യവും നഷ്ടപ്പെട്ടപ്പോൾ തനിക്കുവേണ്ടി കാത്തുനിൽക്കാൻ ആരുമില്ലെന്ന് അയാളറിഞ്ഞു. സൗദിയിലെ ഓഫീസ് ജീവനക്കാരനായി ഒരു ലക്ഷത്തോളം രൂപ കൈപറ്റിയിരുന്ന ഒരാളായിരുന്നില്ല ഇപ്പോൾ മജീദ്. മറ്റുള്ളവർക്ക് ജീവിതമുണ്ടാക്കി കൊടുത്ത് അവസാനകാലത്ത് ഉമ്മയുടെ ഓപ്പറേഷന് പോലും പണമില്ലാതെ ജീവിതം കത്തിപ്പടരുന്നു.

പാടവരമ്പത്തിലൂടെ ഉപ്പാന്റെ കൈ പിടിച്ച് കരഞ്ഞുകൊണ്ട് സ്കൂളിലേക്ക് പോയിരുന്ന ആ ബാല്യം അയാൾക്ക് മുന്നിലൂടെ മിന്നിമറഞ്ഞു. പ്രതാപവും ആഢ്യത്വവുമൊന്നുമില്ലെങ്കിലും വൈകുന്നേരം സ്കൂൾ വിട്ടു വരുമ്പോഴുള്ള ഉമ്മാന്റെ ചായയും പാടത്തെ കളിയും തോട്ടിലെ കുളിയും കഴിഞ്ഞു വൈകി വീട്ടിലെത്തുമ്പോൾ ഉപ്പാനെ പേടിച്ച് വീടിന് പിറകിലൂടെ ഓടിക്കയറിയതുമായ ആ ബാല്യത്തിലേക്ക് മടങ്ങാൻ അയാൾ കൊതിച്ചു. ബാല്യം കഴിഞ്ഞ് യൗവ്വനത്തിലേക്ക് കാലെടുത്ത് വെക്കുമ്പോഴേ വീട്ടുകാരുടെ നിർബന്ധം മൂലം ഗൾഫിലേക്ക് പറന്നു. അവിടെ മജ്ജയും മാംസവും തകരുമാറ് പണിയെടുത്ത് അവസാനം നല്ല നിലയിലായി, നാട്ടിൽ നല്ല സ്ഥാനവും ലഭിച്ചു. ഒരിക്കൽ നാട്ടിൽ ലീവിന് വന്നപ്പോഴാണത് സംഭവിച്ചത്. ഉപ്പാക്ക് പെട്ടെന്നൊരു ഹൃദയവേദന. പിന്നെയെല്ലാം വളരെ പെട്ടെന്നായിരുന്നു. ഉപ്പാന്റെ ഖബറിൽ നിന്നും മടങ്ങുമ്പോഴേക്കും ഒരു ഫോൺകോൾ. കമ്പനിയിൽ എന്തോ പ്രശ്നം; വീണ്ടും സൗദിയിലെത്തി. കമ്പനിയുടെ സൗദി ബ്രാഞ്ച് പൂട്ടുകയാണെന്ന വാർത്തയറിഞ്ഞ് അയാൾ നടുങ്ങി. ഇതുവരെയുള്ള സമ്പാദ്യമെല്ലാം ഓരോ വഴിക്കായി ചെലവായിരുന്നു. സമ്പാദ്യമായി ഒന്നുമില്ല. കണ്ണിൽ ഇരുട്ട് പടരുന്നു. ജീവിതം ഒന്നാസ്വദിക്കാൻ പോലും കഴിഞ്ഞില്ല. ഒരു യന്ത്രം പോലെ ജീവിച്ചു തീർത്തു. ഇടക്കൊരു വിളി, നാട്ടിൽ നിന്നാണ്. മോനേ... ഉമ്മയുടെ ഇടറിയ സ്വരം. പിന്നെയെല്ലാം പറഞ്ഞത് സൈനു ആയിരുന്നു. ഉമ്മാക്ക് വൃക്കകൾ രണ്ടും തകരാറിലാണ്. പെട്ടെന്ന് തന്നെ ഒരു ഓപ്പറേഷൻ വേണം. അയാൾ നാട്ടിലെത്തി. അറിയുന്ന വാതിലുകളെല്ലാം മുട്ടി. ഫലമുണ്ടായില്ല. ഇന്ന് രാവിലെ ഉമ്മയും പോയി. ജീവിതത്തിന് അർത്ഥമില്ലാത്ത അവസ്ഥ. അയാൾ ബാല്യത്തിലേക്ക് മടങ്ങാൻ കൊതിച്ചു. ഒരു പിൻവിളിക്കായി അയാൾ കാതോർത്തു.

ട്രെയിൻ പാഞ്ഞടുത്തു. ആദ്യം വിറച്ചെങ്കിലും അയാൾ ദൈവത്തെ സ്തുതിച്ചു. ട്രെയിൻ ചീറിപ്പാഞ്ഞു. പിറ്റേ ദിവസം പത്രത്തിലെ വാർത്ത വായിച്ച് ആ പ്രദേശം നടുങ്ങി. 'ട്രെയിനിൽ തല വെച്ച് തൃക്കാപ്പൂർ സ്വദേശി മരിച്ചു'.



## ലേഖനം

ഫാത്തിമ ലുത്ഫിയ. 10 L

# നവകേരളനിർമിതി പ്രശ്നവും പരിഹാരവും

ദൈവത്തിന്റെ സ്വന്തം നാടായ കേരളം കഴിഞ്ഞ ഏഴ് നൂറ്റാണ്ടിന്റെ ഇടയിൽ ശക്തമായ മഴക്കാണ് സാക്ഷിയായത് വൻ നാശനഷ്ടങ്ങളും പ്രളയകെടുതികളും അതിജീവിച്ച് വരുകയാണ്. നവകേരള സൃഷ്ടിപ്പിനായി നാം കേരളീയർ ഒന്നായി പ്രവർത്തിച്ച പോരുന്നു.സ്വന്തം എന്ന് പറയാൻ എല്ലാം നഷ്ടമായിട്ടുംമനക്കരുത്തിൽ പ്രതീക്ഷയോടെ അതിജീവിച്ചവരാണ് നമ്മൾ. ആ മനോധൈര്യം ഇനിയും ഉണ്ടാകും.

നവകേരള സൃഷ്ടിപ്പ് വൻ കുതിച്ചുചാട്ടമാണ് സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.വായ്പ,ഭവന നിർമ്മാണം,സാമ്പത്തികസഹായം ,ആരോഗ്യം മുതലായ മേഖലകളിൽ വളരെ മുന്നേറ്റമാണ് സർക്കാർ നടപ്പിലാക്കുന്നത്. എന്നിരുന്നാലും വളരെ ഏറെ അപാകതകൾ ചൂണ്ടിക്കാട്ടേണ്ടതുണ്ട് . ദുരിതാശ്വാസനിധിയും മറ്റുമായി എല്ലാവരും സജീവമായി പ്രവർത്തിക്കുന്നു . എങ്കിലും കുറേയൊക്കെ എവിടെയും എത്താത്ത സാഹചര്യമാണ് നിലവിലുള്ളത് .

ഈ ഒരു പ്രളയക്കെടുതി നമ്മളെയേറെ മാറ്റിമറിച്ചിരിക്കുന്നു. സാമ്പത്തികമായും, സാമൂഹികമായും നമ്മളിൽ ഓരോരുത്തർക്കും മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു.

ജാതീയ്യ വ്യവസ്ഥകളും മതവൈരാഗ്യങ്ങളും തീരെ ഇല്ലെന്ന് പറയാൻ സാധിക്കില്ല. എന്നാലും അതെല്ലാം മറന്ന് മറ്റുള്ളവരെ സഹായിക്കുകയും വേണ്ടതൊക്കെ ചെയ്യുന്നതിലും നാം മുന്നിലായിരുന്നു.

സർക്കാറിന്റെ പുതിയ പരിപാടികൾ ആവിഷ്കരിക്ക പ്പെട്ടിട്ടുണ്ട്. എല്ലാ മേഖലകളിലും വികസനം സൃഷ്ടിക്കലാണ് നമ്മുടെ ലക്ഷ്യം. വികസനം മാത്രം പോരാ ഒപ്പം ഗുണകരമാക്കുകയും വേണം . ഭൂരിഭാഗവും സാമ്പത്തികനില

കുറഞ്ഞവർക്കും ഏറെ ഗുണകരമായ കാര്യപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അങ്ങനെയുള്ള സമൂഹത്തിനും സർക്കാരിനും നവകേരള സൃഷ്ടിപ്പിന് സാധ്യമാകാതിരിക്കില്ല എന്നതിന്റെ വളരെ നിസ്സംശയമായ കാര്യമാണ്. ഒത്തൊരുമിച്ചാൽ മലയും പോരും എന്ന് പറയുന്നത് പോലെ നവകേരള സൃഷ്ടിപ്പിനായി നമുക്കെല്ലാവർക്കും ഒപ്പം തോളോട്ചേർന്ന് പ്രവർത്തിക്കാം.

## കുറിപ്പ്

**അനീന ബേബി. ഇ 9A**

# സാഹിത്യത്തിന്റെ സുൽത്താനെ ഓർക്കുമ്പോൾ

മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനെയൊള്ളൂ. ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്ത് നിർത്തിയ ബേപ്പൂർ സുൽത്താൻ എന്ന ശ്രീ വൈക്കം മുഹമ്മദ് ബഷീർ. സാധാരണയിൽ സാധാരണക്കാരനായ നാട്ടു മനുഷ്യന്റെ പച്ച ഭാഷയിലുള്ള ഹാസ്യത്മകമായ രചനകൾ വായനക്കാരനെ ചിരിപ്പിക്കുകയും ഒപ്പം ചിന്തിപ്പിക്കുകയും ചെയതു. അത് തന്നെയാണ് ആ ത്തൂലികയുടെ ശക്തിയും. അദ്ധേഹത്തിന്റെ ഓർമകൾക്ക് ജൂലൈ 5 ന് 22 വർഷം തികയുകയാണ്.

തന്റേതു മാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിന്റെ സവിശേഷത. അതുകൊണ്ട് തന്നെയാണ് അദ്ധേഹത്തിന്റെ രചനകൾ "ബഷീറിയൻ ശൈലി' എന്നറിയപ്പെടുന്നത്.

1908 ൽ ജനവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് - കായി അബ്ദുറഹിമാൻ. മാതാവ്- കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് (5-ാം തരം) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽ നടയായി എറണാംകുളത്ത് ചെന്ന് അവിടെ നിന്ന് കള്ള വണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമരത്തിലേക്ക് എടുത്ത് ചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽകാലത്ത് അദ്ധേഹം പരാമർശിച്ചിട്ടുണ്ട്. 1930-ൽ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത്‌സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. "പ്രഭ' എന്ന ത്തൂലികാനാമമാണ് അന്ന് അദ്ധേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്ന് കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞു തിരിഞ്ഞു. അതി സാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്യാസിമാരുടെയും കൂടെ ജീവിച്ചു. പാചകക്കാരനായും മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പലജോലികളും ചെയ്തു. അറബി

നാടുകളിലും ആഫ്രിക്കയിലുമായി പിന്നീടുള്ള സഞ്ചാരം ഏകദേശം 9 വർഷത്തോളം തുടർന്ന ഈ യാത്രകളിൽ അദ്ധേഹം പല ഭാഷകളും ഗ്രഹിച്ചു. മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും തീവ്ര ദാരിദ്ര്യവും മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്ന് പറയാം. ഇതു പോലെ സ്വതന്ത്രമായി ലോക സഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽവളരെ വിരളമാണെന്ന് തന്നെ പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ധേഹത്തിന്റെ കൃതികളിൽ കാണാം.

പത്മനാഭ പൈ പത്രാധിപനായിരുന്ന "ജയ കേസരി' യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. ജോലി അന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെ അടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നു കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും ചട്ടുകാലും, കോങ്കണ്ണും കൂനുമുള്ള യാചകൻമാരുമായി എഴുതിയ കഥയാണ് തങ്കം.

പ്രേമലേഖനം (നോവൽ 1944), ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് (നോവൽ 1951), ആനവാരിയും പൊൻകുരിശും (നോവൽ 1953), പാത്തുമ്മയുടെ ആട് (നോവൽ 1959), മതിലുകൾ (നോവൽ) - 1980 ൽ അടൂർ ഗോപാലകൃഷ്ണൻ മതിലുകൾ എന്ന നോവൽ സിനിമയാക്കി-, ഭൂമിയുടെ അവകാശികൾ (ചെറുകഥ 1977), ശബ്ദങ്ങൾ (നോവൽ 1947), സ്ഥലത്തെ പ്രധാന ദിവ്യൻ (നോവൽ 1953), വിശ്വവിഖ്യാതമായ മൂക്ക് (ചെറുകഥ 1954), വിശപ്പ് (ചെറുകഥ 1968), നേരും നുണയും (1969) എന്നിവ പ്രധാന കൃതികളാണ്.

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ, സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി 4 താമ്രപത്രങ്ങൾ എന്നിവ ലഭിച്ചു. 1982 ൽ ഇന്ത്യൻ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു. 1987 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടർ ടെല്ലേസ് ബിരുദം നൽകി. പ്രേം നസീർ അവാർഡ്, ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ ലഭിച്ചു. 1994 ജൂലായ് 05 ന് ബഷീർ ഈ ലോകത്തോട് വിട പറഞ്ഞു.

ബഷീർ വിട പറഞ്ഞാലും അദ്ധേഹത്തിന്റെ രചനകളെല്ലാം പുറത്തിറങ്ങിയ അതേ പുതുമയോടെ തന്നെ ഇന്നും വായിക്കപ്പെടുന്നു. കാരണം അവ ഓരോന്നും ഓരോ പാഠപുസ്തകങ്ങളാണ്, ജീവിതം എന്തെന്ന് കാട്ടിത്തരുന്ന മഹത്തായ പാഠപുസ്തകങ്ങൾ.

# ലേഖനം

കൃഷ്ണദാസ്. കെ. (മലയാളം അദ്ധ്യാപകൻ)

## അദ്ധ്യാപകർ

ഭാഗം: ഒന്ന്.

അദ്ധ്യാപകനും വിദ്യാർത്ഥിയും  വൈജാത്യത്തിന്റെ അതിർയാണ്
ഇന്ന് പങ്കിടുന്നത്.
അദ്ധ്യാപകർ നിശ്ചലതയുടെ ജന്മിത്തത്തിലും
വിദ്യാർത്ഥി ചലനാത്മകതയുടെ മുതലാളിത്തത്തിലും.
സ്വാതന്ത്ര്യത്തിന്റെ ആകാശം വിദ്യാർത്ഥിയുടെ വിശാല സാധ്യതയാകുമ്പോൾ
മരുഭൂമിയിലെ നീരുറവയേ
അദ്ധ്യപകർസ്വപ്നം കാണുന്നു.
അദ്ധ്യാപകർഒന്നായി നിൽക്കുന്നു. വിദ്യാർത്ഥി പലതായി വ്യാപിക്കുന്നു.
സാധ്യതയുടെ വിശാലവിഹായസ്സിൽ സഞ്ചരിച്ച് സ്വര സ്ഥാനം വിദ്യാർത്ഥി ചിട്ടപ്പെടുത്തുമ്പോൾ
നിർണ്ണയിയ്ക്കപ്പെട്ട താളവട്ടത്തിനിടയ്ക്ക് പരിചിതമായത് മാത്രം  അദ്ധ്യാപകർ കൊട്ടി നിറയ്ക്കുന്നു.
 പുതിയ ആകാശമോ പുതിയ ഭൂമിയോ
 വിയർപ്പൊഴുക്കി അദ്ധ്യാപകർ  സ്വന്തമാക്കുന്നില്ല.
സ്വയം നിർമ്മിച്ചുവെച്ച അതിർത്തിക്കുള്ളിൽ എന്തിനെയും പാകപ്പെടുത്താനുള്ള  പരിശ്രമത്തിലാണ് .
അതിർത്തികൾ വെട്ടിപ്പൊളിച്ച് സാധ്യതയിലേയ്ക്ക് പ്രവഹിയ്ക്കാൻ
മനസ്സ് ഇന്ന് പര്യാപ്തമല്ല.
യവന ദാർശനികരോ ഉപനിഷത് ചിന്തകരോ പോലെ  കൊണ്ടും കൊടുത്തും
 മുന്നേറിയ ഗുരുക്കന്മാരല്ല അദ്ധ്യാപകർ.
 മുടക്കമുതൽ തിരിച്ചുപിടിച്ച് ജീവിതത്തേ ഉല്ലാസമാക്കാനുള്ള ഓട്ടം നടത്തുന്നവരാണ്.
ഭൂതകാലത്തിന്റെ ആവനാഴിയിലെ ശേഷിപ്പുകളാണ് പലപ്പോഴും എടുത്തു ഉപയോഗിക്കുന്നത്.
ഉന്നം പിഴച്ചും മർമ്മം പിഴച്ചും ആയുധങ്ങൾ അസ്ഥാനത്ത് പോയി പതിയ്ക്കുന്നു.
പഴയ പൽചക്രങ്ങളിൽ പലതും കട്ടപ്പുറത്താണ്  .

ഭാഗം: രണ്ട്.

ഒഴുക്കിനെതിരെ നീന്തികയറാനുള്ള കാഴ്ചയും കാഴ്ചപ്പാടും രൂപപ്പെടുമ്പോൾ വിദ്യാർത്ഥിയിലേയ്ക്കുള്ള
അകലം നേർത്തു വരും.
അറിവും അറിവിന്റെ മേഘലയും പുതുക്കുമ്പോൾ

അദ്ധ്യാപകർ വിദ്യാർത്ഥിയാവും.
മതിലുകൾ ഇല്ലാതാവും .
അതിർത്തികൾ ലംഘിയ്ക്കാനും
പുതിയ ഭ്രമിക കണ്ടെത്താനും  ഇടയാക്കും. നന്മകൾപൂക്കുന്ന
പുൽതകിടിയിൽ  മൂല്യങ്ങൾ വിരിയും.
എന്താ ഉൾക്കണ്ണ് തുറന്നാലോ ?



കഥ

അമീൻ 9H

# സ്വർണ്ണക്കണ്ണുള്ള രാജകുമാരി

കൂരിരുട്ടിലൂടെ മഴവെള്ളപ്പാച്ചിലിന്റെ ശബ്ദത്തിനിടയിൽ ഒരു സ്ത്രീ, ആറുമാസം പ്രായം വരാത്ത ഒരു പെണ്‌കുഞ്ഞ്. കുഞ്ഞിനെ ഒരു വാതിൽ പടിയിൽ കൊണ്ടുവെച്ച് വാതിൽ മുട്ടി. വീട്ടുകാർ വാതിൽ തുറന്നപ്പോൾ കണ്ടത് ഒരു പിഞ്ചുകുഞ്ഞ് കരയുന്നു. അവർ ആ കുഞ്ഞിനെ നെഞ്ചോട് ചേർത്തു. കാരണം പതിനഞ്ചു വർഷമായി ഒരു കുഞ്ഞിക്കാൽ കാണാൻ ഭാഗ്യമുണ്ടായിട്ടില്ല. പ്രാർത്ഥനയുടെ ഫലമായി ദൈവം അനുഗ്രഹിച്ചു നൽകിയതാണ് ആ കുഞ്ഞിനെ എന്നവർ കരുതി. കുഞ്ഞിന് അശ്വതി എന്ന് പേരുവിളിച്ചു. അവൾ അവിടെ സന്തോഷത്തോടെ കഴിഞ്ഞു. അവളെ കിട്ടിയ ദിവസം അവളുടെ പിറന്നാളായി ആഘോഷിച്ചു. എല്ലാ പിറന്നാൾ ദിവസവും ഉല്ലാസയാത്ര പോകുമായിരുന്നു. നീലക്കണ്ണുകളും കറുകറുത്ത മുടിയും ഉള്ള സുന്ദരിയായിരുന്നു അവൾ.

കാലം മുന്നോട്ടു പോയി. അവൾക്കു കൂട്ടായി അവർക്കു ഒരു കുഞ്ഞുപിറന്നു. പേര് അപ്പു. പതുക്കെ പതുക്കെ അശ്വതി ഒരു അധികപ്പറ്റായി മാറി. എന്നാൽ അശ്വതിയും അപ്പുവും നല്ല കൂട്ടുകാരായിരുന്നു. ഇത് സഹിക്കാതെ 'അമ്മ അശ്വതിയെ ജോലി മുഴുവൻ എടുപ്പിച്ചും ഭക്ഷണം ഒന്നും നൽകാതെയും അതി ക്രൂരമായി ബുദ്ധിമുട്ടിച്ചു. പല രാത്രികളിലും അവളെ ഒറ്റക്ക് പുറത്താക്കും എന്നാൽ ആരുമറിയാതെ അപ്പു അവൾക്ക് ഭക്ഷണം കൊടുക്കുകയും പുറത്ത് കൂട്ടിരിക്കുകയും ചെയ്യുമായിരുന്നു. കാരണം അപ്പു അവളെ അത്രമാത്രം ഇഷ്ടപ്പെട്ടിരുന്നു. അവളുടെ ആറാമത്തെ പിറന്നാളിന്റെ അന്ന് ഉല്ലാസ യാത്ര പോയി. അശ്വതി വളരെ സന്തോഷവതിയായിരുന്നു. കാരണം അപ്പു ജനിച്ചതിനു ശേഷം അവർ എവിടെയും അശ്വതിയെ കൊണ്ടുപോയിരുന്നില്ല. എന്നാൽ ഇതൊരു ചതിയാണെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നില്ല. അവളുടെ കയ്യിലൊരു കത്തും കൊടുത്ത് അപരിചിതമായൊരു നാട്ടിൽ അവർ അവളെ ഉപേക്ഷിച്ചു. പോകാൻ നേരം അപ്പു വിതുമ്പിക്കൊണ്ട് അവളോട് പറഞ്ഞു, "ചേച്ചി വലിയ ആളായാൽ എന്നെ തേടി വരണം". ആറുവയസ്സ് മാത്രം പ്രായമുള്ള അവൾ ആ കത്തുമായി ആ നഗരത്തിൽ അലഞ്ഞു. അപ്പോഴാണ് ശ്രീകൃഷ്ണന്റെ ഗാനാർച്ചന കേൾക്കാനിടയായത്. ആ ഗാനം കേട്ട സ്ഥലത്തേക്ക് അവൾ നടന്നു. അവിടെയൊരു പണ്ഡിതനെ കണ്ടുമുട്ടി. കത്തു വായിച്ച പണ്ഡിതൻ അവളോട് പറഞ്ഞു. "നീ അവരുടെ കുഞ്ഞല്ല, നീ അവർക്കൊരു ബാധ്യതയാണ് എന്നുമാണ് ഈ കത്തിൽ എഴുതിയിരിക്കുന്നത്". അവൾ എങ്ങനെയാണ് അവരുടെ കയ്യിലെത്തിയതെന്ന് അദ്ദേഹം വായിച്ചുകൊടുത്തു. എന്നിട്ടദ്ദേഹം അവളോട് പറഞ്ഞു.. "നീ നിന്റെ അമ്മയെ കാണുന്ന നേരം സ്വന്തം മകളാണെന്ന് പറയാൻ നിനക്ക് സാധിക്കില്ല". അവൾ വീണ്ടും യാത്ര തുടർന്നു.

കഠിനമായ വിശപ്പുകാരണം തളർന്ന് അവൾ ഒരു മരച്ചുവട്ടിൽ വിശ്രമിക്കാനിരുന്നു. ചുറ്റും നോക്കിയപ്പോൾ ഇതുവരെ കാണാത്ത ഒരു മനോഹരമായ കൊട്ടാരം കണ്ടു. അവൾ അവിടേക്ക് നടന്നു. അവിടുത്തെ ജോലിക്കാരി അവൾക്ക് ഭക്ഷണം നൽകി. അവൾ അവിടുത്തെ ജോലിക്കാരിയായ മാറി. അവിടെ അവളുടെ പ്രായത്തിലുള്ള ഒരുപാട് കുട്ടികളുണ്ടായിരുന്നു. അവൾ ആ കുട്ടികൾക്കൊപ്പം അവിടെ കളിച്ചു വളർന്നു. കാലം കടന്നു പോയി. അതിൽ ഒരു കുട്ടി അവളോട് പറഞ്ഞു.. "നീ ഇതുവരെ കാണാത്ത ഒരു റാണിയുണ്ട് ഇവിടെ, അവൾ അതീവ സുന്ദരിയാണ്". ഇത് കേട്ടപ്പോൾ അശ്വതിക്ക് അവരെ കാണാൻ തിടുക്കമായി. ഭടന്മാരുടെ കണ്ണുവെട്ടിച്ച് അവൾ റാണിയുടെ അന്തഃപുരത്തിന് സമീപം എത്തിയപ്പോൾ റാണിയും തിരുമനസ്സും പറയുന്നത് അവൾ കേട്ടു. " നിങ്ങൾ എന്റെ മകളെ വധിച്ചില്ലേ.." തിരുമനസ്സ് പറഞ്ഞു.."ഇല്ല, ഞാൻ വധിച്ചട്ടില്ല, ഒരു ദാസിയുടെ അടുത്ത് ഉപേക്ഷിക്കാനായി കൊടുത്തു. നിന്റെ നല്ലതിന് വേണ്ടിയാണ് ഞാൻ അത് ചെയ്തത്. അവൾ പിറന്നപ്പോൾ നിന്റെ ഭർത്താവ് മരിച്ചു. അപ്പോൾ സ്വാമി പറഞ്ഞു അവളുടെ നീലക്കണ്ണുകൊണ്ട് നിന്നെ നോക്കിയാൽ നീയും മരിക്കുമെന്ന്..". റാണി പറഞ്ഞു.." ഞാൻ ജീവിച്ചിരിക്കുന്നതിൽ എന്തർത്ഥമാണുള്ളത് ? എന്റെ ഭർത്താവും മകളും ഇല്ല..".

ഇതെല്ലം കേട്ട് അശ്വതി വിതുമ്പിക്കൊണ്ട് മുറിയിലേക്കോടി. പലതും ആലോചിച്ച് കരഞ്ഞ് അവൾ ഉറങ്ങിപ്പോയി. സ്വപ്നത്തിൽ ഒരു ദേവത വന്ന് പറഞ്ഞു." നിന്റെ കണ്ണുകൾ 'അമ്മ കണ്ടാലാണ് പ്രശ്നമുള്ളത്. ഈ കണ്ണുകൾ നീ ഉപേക്ഷിച്ചാൽ യാതൊരു പ്രശ്നവുമുണ്ടാകില്ല..". അപ്പോൾ തന്നെ ഉണർന്ന് അവൾ തന്റെ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചു. എന്നിട്ടവൾ അമ്മേ എന്ന് വിളിച്ചുകൊണ്ട് റാണിയുടെ അടുത്തേക്ക് ഓടി. ഉറക്കത്തിൽനിന്ന് ഉണർന്ന റാണി കണ്ണിൽ നിന്നും രക്തം വാർന്നൊഴുകുന്ന അശ്വതിയെ കെട്ടിപ്പിടിച്ചു. അന്നേരം ദേവത പ്രത്യക്ഷപ്പെട്ട് പറഞ്ഞു.."നിങ്ങളുടെ സ്നേഹത്തിന് മുന്നിൽ ഏതൊരു ദുർവിധിയും തോറ്റുപോകും". ഇതും പറഞ്ഞ് മാന്ത്രിക ദണ്ഡുകൊണ്ട് അവളുടെ കണ്ണിലേക്ക് വീശി. അവളുടെ കണ്ണുകൾ സ്വർണ്ണക്കാണുകളായി മാറി. പിന്നീട് അവളെ എല്ലാവരും സ്വർണ്ണക്കണ്ണുള്ള രാജകുമാരി എന്ന് വിളിച്ചു. അവൾ അപ്പുവിനെ തേടിപ്പിടിച്ച് കൊട്ടാരത്തിലേക്ക് കൊണ്ടുവന്ന് മന്ത്രിയാക്കി വാഴിച്ച് സന്തോഷത്തോടെ ജീവിച്ചു.

## യാത്രാവിവരണം

**നദ. കെ. ടി. 9 I**

# ഓർമ്മയിലേക്ക് ഒരു കയ്യൊപ്പ്

ഒരുപാട് നാളുകളായി ഞങ്ങൾ ആ ദിവസത്തിനു വേണ്ടി കാത്തിരിക്കുന്നു. സ്കൂൾ തുറന്ന അന്നുമുതൽ ടീച്ചർ പറഞ്ഞു തന്ന ആ സദനത്തിലേക്ക്....

ആ ദിവസം ആഗതമായി, നവംബർ 22 വെള്ളി.. പോകുന്നതിന്റെ രണ്ടുദിവസം മുമ്പ് തന്നെ ഞങ്ങൾ അങ്ങോട്ടേക്ക് കൊണ്ടുപോകാനുള്ള സാധനങ്ങൾ ഒരുക്കാൻ തുടങ്ങിയിരുന്നു. അത് വിജയകരമായി തന്നെ പൂർത്തീകരിക്കാൻ സാധിച്ചു. ഞങ്ങളുടെ ക്ലാസ്സിലെ കുട്ടികൾക്ക് മാത്രമായിരുന്നു ആ യാത്രയ്ക്ക് അവസരം ലഭിച്ചിരുന്നത്.

അന്ന് രാവിലെ 8 മണിക്ക് തന്നെ ആൻസി ടീച്ചറുടെ നേതൃത്വത്തിൽ യാത്ര ആരംഭിച്ചു. ശ്രീജിത ടീച്ചർ, റുക്കിയ ടീച്ചർ, തസ്‌ലീന ടീച്ചർ, മനോജ് സർ എന്നിവരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ബസ് ഓടിത്തുടങ്ങിയപ്പോൾ തന്നെ പലരും പാട്ടുപാടാനും ഡാൻസ് ചെയ്യാനും എല്ലാം ആരംഭിച്ചു. പല കുട്ടികളും അവരുടെ കഴിവുകൾ പ്രകടമാക്കി. കുറച്ചുകഴിഞ്ഞപ്പോൾ അധ്യാപകർ ഞങ്ങൾക്കു വേണ്ടി ഒരുക്കിയ പ്രാതൽ കഴിക്കാൻ വേണ്ടി ഇറങ്ങി. ഭക്ഷണം കഴിച്ചതിനു ശേഷം യാത്ര തുടർന്നു. ആദ്യമായി ഗുരുവായൂർ ആനത്താവളം ആയിരുന്നു ലക്ഷ്യം. ഗുരുവായൂർ പെട്ടെന്ന് തന്നെ എത്തിയതായി തോന്നി. അവിടെ ചെന്ന് പല അവസ്ഥകളിൽ ഉള്ള ആനകളെ വീക്ഷിച്ച ശേഷം ബസ്സിൽ കയറി യാത്ര തുടർന്നു. അടുത്തത് നമ്മൾ പോകുന്നത് ഓർഫനേജ് ലേക്ക് ആണ് എന്ന് ടീച്ചർ ഓർമപ്പെടുത്തി. “പോപ്പ് ജോൺപോൾ പീസ് ഹോം” എന്നായിരുന്നു ഓർഫനേജിന്റെ പേര്. അവിടെയെത്തിയപ്പോൾ ആൺകുട്ടികൾ പള്ളിയിലേക്കും പെൺകുട്ടികൾ ഓർഫനേജിന്റെ അകത്തേക്കും പോയി. അവിടെ കണ്ട കാഴ്ച വളരെ ദയനീയമായിരുന്നു. ഒന്നിനും കഴിയാത്ത ചില ശരീരങ്ങൾ! എന്തിനും പരസഹായം ആശ്രയിക്കുന്ന ചിലർ. എല്ലാം മനസ്സ് നുറുങ്ങുന്ന കാഴ്ചകൾ!! ആദ്യം സ്ത്രീകളുടെ അടുത്തേക്കാണ് പോയത്. പല പല അസുഖങ്ങൾ ബാധിച്ച മറ്റും കിടപ്പിലായവരെ അവിടെ കാണാൻ സാധിച്ചു. അവർ ഞങ്ങളെ പാട്ടുപാടി സന്തോഷിപ്പിച്ചു. ഞങ്ങളും അവരെ പാട്ടുപാടി കയ്യിലെടുക്കാൻ ശ്രമിച്ചു.

പിന്നെ പുരുഷന്മാരുടെയും അതിനുശേഷം കുട്ടികളുടെയും അടുത്തേക്കാണ് പോയത്. അതിൽ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചത് കുട്ടികളുടെ അടുത്തേക്ക് പോയപ്പോഴാണ്. മാതാപിതാക്കൾ ജീവിത സുഖത്തിന് വേണ്ടി ഉപേക്ഷിച്ച ആ കുരുന്നുകളെ കണ്ടാൽ ആരാണ് ഒന്ന് വിതുമ്പാതിരിക്കുക!!! അക്കൂട്ടത്തിൽ പലരും പല കാര്യങ്ങളിലും പ്രതിഭകൾ ആയിരുന്നു. അവർ ഞങ്ങൾക്ക് പാട്ടുകൾ പാടി തന്നു. അവരുടെയെല്ലാം പാട്ട് കേട്ടപ്പോൾ ആനന്ദത്തിലുപരി വിഷമം ആയിരുന്നു തോന്നിയത്. പോവുകയാണ് എന്ന് പറഞ്ഞപ്പോൾ വേണ്ട എന്ന് മറുപടിയുമായി അവർ ഒപ്പം കൂടിയപ്പോൾ ഞങ്ങളുടെ

കൂട്ടത്തിൽ കഴിയാത്തവർ ആരുമുണ്ടായിരുന്നില്ല. അവിടെനിന്നിറങ്ങി തൊട്ടടുത്തുള്ള ഒരു സ്കൂളിലേക്കാണ് ഞങ്ങളെ ടീച്ചർ കൊണ്ടുപോയത്. അവിടെയും പല വൈകല്യങ്ങളുള്ള കുട്ടികളെ കാണാൻ സാധിച്ചു.

എല്ലാം കണ്ട ശേഷം ഞങ്ങൾ എല്ലാവരും ഉച്ചഭക്ഷണം കഴിച്ചു. വെറും ക്ലാസ് റൂമിൽ ഭക്ഷണം കഴിച്ച് ശീലമുള്ള ഞങ്ങൾക്ക് അതൊരു വേറിട്ട അനുഭവമായിരുന്നു. പിന്നീട് അവിടെ നിന്ന് ശോഭാസിറ്റി യിലേക്ക് ആയിരുന്നു യാത്ര. അവിടെനിന്ന് പലരും പല സാധനങ്ങളും വാങ്ങിച്ചു. അധികം വൈകാതെ തന്നെ ഞങ്ങൾ സ്കൂളിലേക്ക് തിരിച്ചു. അധ്യാപകരും കുട്ടികളും ഒന്നിച്ച് യാത്രാനുഭവങ്ങൾ പങ്കുവെച്ചു. കളിതമാശകൾ പറഞ്ഞു സമയം പോയതറിഞ്ഞില്ല. രാത്രി 8 മണിയോടെ ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി. പുത്തൻ അനുഭവങ്ങൾ സമ്മാനിച്ചാണ് ആ യാത്ര സമാപിച്ചത് . ഹൃദയത്തിൻറെ താളുകളിൽ കുറിച്ച് വെക്കാൻ അങ്ങനെ ഒരു യാത്ര കൂടി..



## ആസ്വാദനക്കുറിപ്പ്

ചന്ദനാ ബാബു എ. ബി. 8 H

# ഹെലൻ കെല്ലർ

കഥയുടെ പുതിയ മേച്ചിൽ പുറങ്ങൾ വായനക്കാർക്ക് കണ്ടെടുത്തു നൽകുന്ന എഴുത്തുകാരിയാണ് ബീന ജോർജ്. ബീന ജോർജിൻറെ ഹെലൻകെല്ലർ എന്ന കഥയിൽ അന്ധയും ബധിരയും എങ്കിലും സ്ഥിര പരിശ്രമത്താൽ ലോകം കീഴടക്കിയ വനിതയായ ഹെലൻ കെല്ലറുടെ ജീവിതമാണ് വിവരിക്കുന്നത്. ശബ്ദവും പ്രകാശവും ഇല്ലാത്ത ഒരു ലോകത്ത് വിജയകരമായ ജീവിതം നയിച്ച ഹെലൻകെല്ലർ എന്ന ധീര വനിതയുടെ കഥയാണിത്. സ്വപ്രയത്നത്തിലൂടെ, കഠിനാധ്വാനത്തിലൂടെ മഹത്വത്തിലേക്ക് ഉയർന്ന അപൂർവ്വം വ്യക്തികളിൽ ഒരാളാണ് അവർ. പരിമിതികളും പരാധീനതകളും ഒരു ശാപമായി കരുതാതെ, സമൂഹത്തിൻറെ നന്മയ്ക്കുവേണ്ടി ജീവിക്കണമെന്ന് ഈ കൃതി നമ്മെ പഠിപ്പിക്കുന്നു.

ബാല്യം മുതൽ മരണം വരെയുള്ള പ്രധാന സംഭവങ്ങളാണ് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്. ആനന്ദത്തിലേക്കുള്ള ഒരു വാതിൽ അടയുമ്പോൾ മറ്റൊന്ന് താനെ തുറക്കും. എന്നാൽ നാം പലപ്പോഴും അടഞ്ഞ വാതിലിലേക്ക് തന്നെയാണ് വളരെനേരം നോക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് വേണ്ടി തുറന്നിട്ടിരിക്കുന്ന വാതിൽ നാം കാണുന്നതേ ഇല്ല. വികലാംഗത്വം ഒരു ശാപമായി കണക്കാക്കാതെ പരാധീനതകളും പരിമിതികളും മനസ്സിലാക്കി നല്ലൊരു സമൂഹത്തിനുവേണ്ടി പ്രയത്നിക്കണമെന്ന് ഹെലൻ കെല്ലറുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

## ലേഖനം

അംന റുഷ്ദ. കെ

# അഗ്നിച്ചിറകുള്ള അത്ഭുത പ്രതിഭ

മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന ശ്രീമാൻ എ പി ജെ അബ്ദുൽ കലാം നമ്മുടെ മുൻ രാഷ്ട്രപതിയും രാജ്യം മുഴുവൻ ബഹുമാനിക്കുന്ന സമുന്നത വ്യക്തിയുമാണ്. ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക കുതിപ്പിന് അഗ്നിച്ചിറകുകൾ പണിത് നൽകിയ കലാമിന്റെ ജീവിതം നമുക്കെല്ലാവർക്കും മാതൃകയാണ്. പരിശ്രമ ശാലികൾക്ക് ജീവിത വിജയത്തിന്റെ കൊടുമുടികൾ നിഷ്പ്രയാസം കീഴടക്കാമെന്നതിന്റെ തികഞ്ഞ ഉദാഹരണമായിരുന്നു അദ്ധേഹം. അഗ്നിച്ചിറകുകൾ എന്നത് അദ്ധേഹത്തിന്റെ ആത്മ കഥയാണ്.

അദ്ധേഹത്തിന്റെ മുഴുവൻ പേര് അബുൽ ഫക്കീർ സൈനുൽആബിദീൻ അബ്ദുൽ കലാം എന്നാണ്. 1931 ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരം ജില്ലയിൽ രാമനാഥപുരത്ത് ഒരു മുസ്ലിം ദരിദ്ര കുടുംബത്തിൽ സൈനുൽ ആബിദിന്റെയും ആസ്യാമ്മയുടെയും മകനായാണ് കലാം ജനിച്ചത്. ബോട്ടുകൾ വാടകക്ക് കൊടുത്തും വള്ളം തുഴഞ്ഞും ജീവിക്കുന്ന പിതാവിന്റെ മകന് ജീവിത സാഹചര്യങ്ങളോട് കഠിനമായി പൊരുതേണ്ടി വന്നു വിജയത്തിലെത്താൻ. രാജ്യത്തിന്റെ ബഹിരാകാശ ആണവ സാങ്കേതിക വിദ്യയുടെ വഴികാട്ടിയും രാഷ്ട്ര സാരഥിയുമായി അദ്ധേഹം വളർന്നത് അക്ഷീണ പരിശ്രമം കൊണ്ടും ഇച്ഛാശക്തികൊണ്ടും മാത്രമാണ്. വിദ്യാഭ്യാസ ചെലവിന് പിതാവിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കി പുളിങ്കുരു പെറുക്കി വിറ്റും കടത്തുവള്ളം തുഴഞ്ഞും, പത്രം വിറ്റുമാണ് അദ്ധേഹം പണം കണ്ടെത്തിയത്.

ഗ്രാമത്തിലെ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1950 ൽ തിരുച്ചിറപ്പള്ളി സെന്റ് ജോസഫ് കോളേജിൽ നിന്ന് ബിരുദമെടുത്തു. പിന്നീട് മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിൽ നിന്ന് എയറനോട്ടിക് എഞ്ചിനീയറിങ്ങിൽ മാസ്റ്റർ ബിരുദവും നേടി. 1969 ൽ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ കേന്ദ്രമായ ഐ.എസ്.ആർ.ഒ യിൽ ചേർന്നു. 1980 ജൂലൈ യിൽ "രോഹിണി' എന്ന കൃത്രിമ ഉപഗ്രഹത്തെ ലക്ഷ്യത്തിലെത്തിച്ച് ചരിത്രത്തിൽ ഇടം നേടി. 2002 ൽ കെ.ആർ നാരായണന്റെ പിന്ഗാമിയായി ഇന്ത്യയുടെ 11-ാമത്തെ രാഷ്ട്രപതിയായി അദ്ധേഹം തെരെഞ്ഞെടുക്കപ്പെട്ടു. എൻ.ഡി.എ സഖ്യത്തിന്റെയും കോൺഗ്രസ്സിന്റെയും പിന്തുണയോടെ ക്യാപ്റ്റൻ ലക്ഷ്മിയെയാണ് അദ്ധേഹം പരാചയപ്പെടുത്തിയത്. ജനകീയനായ രാഷ്ട്രപതി എന്നാണ് അദ്ധേഹം അറിയപ്പെട്ടത്. 2007 ൽ രാഷ്ട്രപതി സ്ഥാനമൊഴിഞ്ഞ ശേഷം ഒട്ടേറെ ശാസ്ത്ര പ്രഭാഷണങ്ങളിലും യുവജനങ്ങളൊത്ത് ചേർന്നുള്ള ശാസ്ത്ര സിമ്പോസിയങ്ങളിലുമായിരുന്നു ശിഷ്ട ജീവിതം.

അദ്ദേഹം ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. അവയെല്ലാം ഇന്നും ശാസ്ത്രസാഹിത്യരംഗത്ത് ഏറെ പ്രശോഭിക്കുന്നു. ഇന്ത്യയുടെ ചൈതന്യം, വഴിവെളിച്ചങ്ങൾ, വിടരേണ്ട മൊട്ടുകൾ, യുവത്വം കൊതിക്കുന്ന ഇന്ത്യ, എന്റെ ജീവിത യാത്ര, വഴിത്തിരിവുകൾ, അവസരങ്ങൾ, ആത്മ ചൈതന്യം, കലാമിനോട് കുട്ടികൾ ചോദിക്കുന്നു, വിജയത്തിലേക്കുള്ള ജീവിത മൂല്യങ്ങൾ, രാഷ്ട്ര വിഭാവനം, അസാധ്യതയിലെ സാധ്യത എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ ഈ കൃതികൾ തന്നെയാണ് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്.

ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനുള്ള പദ്ധതി വിശദീകരിക്കുന്ന ഗ്രന്ഥമാണ് "ഇന്ത്യ 2020”. അദ്ധേഹത്തിന്റെതായി തമിഴ് ഭാഷയിൽ കവിതാ സമാഹാരവും ഉണ്ട്. അകാലത്തിലാണ് കലാം നമ്മെ വിട്ടു പിരിഞ്ഞത്. 2015 ജൂലൈ 27 നായിരുന്നു അന്ത്യം. ഷില്ലോങ്ങിലെ ഐ.ഐ.എമ്മിൽ "ഭൂമി വാസ യോഗ്യമായ ഗ്രഹം" എന്ന വിഷയത്തിൽ ക്ലാസെടുക്കവെ അബ്ദുൽകലാം കുഴഞ്ഞ് വീണ് മരണപ്പെട്ട വാർത്ത ഒരു ഞെട്ടലോടെയാണ് രാജ്യം ഉൾകൊണ്ടത്.



## Article

Aysha Lubna (English Teacher)

# A Short break

Everyone in this world needs break. We as normal human beings get so busy with our daily life and jobs and routines so much that we forget to take a break sometimes. I live my life everyday with my daily routines and looking after my kids and house hold chores. Well initially i thought i was enjoying it but soon i started to get tired. I came to know that this was not what i wanted to do. I had my own dreams and ambitions. I had my dream life and career and i was doing nothing to get it.

The last stage of all these thoughts is depression. Well, you are lucky if you find it out yourself and do something about it in the first. There are many who never understand that they are depressed inside and the last stage of it is ending your own life.

The best way to get out of all these are small breaks in between. A two day trip would do. But as humans we are so busy making money that we forget we need a break. I would recommend everyone and anyone to take a break at least once in three months. I recognised about my difficulty but there are many who never understand what is going on in their minds. The thought that nothing is making you happy or you are not content is the first thought you will get.

Search inside yourself if you are happy, if not leave everything and go on trip with your family or do something you love taking a break from your job at-least for two days. It will change everything. A break is always that freshens up your mind. After all we are gonna die one day. And that day we should have a smile on our face. In shaa allah.

കവിത

ഷഫ്‌ല അമിൻ. 8 K

# കാലവർഷം

എന്റെ വീടിന്റെ മുറ്റത്തിൻ മൂലയിൽ
പുഴപോൽ ഒഴുകുന്ന ചെളിവെള്ളവും
കാലവർഷം തുടങ്ങിയൊരു നേരമിൽ
ഇമവെട്ടാതെയത് പെയ്തിറങ്ങി
വേനലിൽ പാകിയ വിത്തുകളിപ്പോൾ
പൊട്ടിമുളച്ചു എഴുന്നുനിൽപ്പൂ
രാവിൻ തെളിഞ്ഞആകാശമിപ്പോഴും
മേഘങ്ങളാൽ മൂടിപ്പുതച്ചും
തോരാതെ പെയ്യുന്ന കാലവർഷമേ നീ
എന്തിനീ നാശം വിതച്ചു എന്നിൽ
ആരെയും കാണാതെ നീ പോകവേ ഒരു
മന്ദഹാസം ഞങ്ങളിലൂർന്നു..

# ലേഖനം

പവിത്ര. കെ. 9 H

## പ്രവാസി

ഭാരതത്തിന്റെ വികസനത്തിനായി പ്രവാസികൾ വഹിച്ച പങ്കിനുള്ള അംഗീകാരമായി എല്ലാ വർഷവും ജനുവരി 9 ഭാരതീയ പ്രവാസി ദിനമായി ആചരിക്കുന്നു.1915 ജനുവരി ഒമ്പതിന് മഹാത്മാഗാന്ധി കുടുംബത്തോടൊപ്പം ദക്ഷിണാഫ്രിക്കയിലെ പ്രവാസി ജീവിതം മതിയാക്കി ലണ്ടൻ വഴി മുംബൈയിൽ മടങ്ങിയെത്തിയതിന്റെ ഓർമ കൂടിയാണ് ഈ ദിവസത്തിൽ പുതുക്കപ്പെടുന്നത്. പ്രവാസിദിനം ജനുവരി 9, 2003 ലാണ് ആദ്യമായി ആചരിക്കാൻ തുടങ്ങിയത്. ജനുവരി 9, 2020 ആചരിച്ചത് പതിനാറാം പ്രവാസി ദിനമാണ്. എല്ലാ ഭാഷകളിലും ധാരാളം സാഹിത്യകൃതികൾ ഇതിനെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടിട്ടുണ്ട്.

മിക്ക ജനങ്ങളും വിദേശത്തേക്ക് പോകുന്നത് ജോലിക്ക് വേണ്ടിയും ജീവിക്കാൻ വേണ്ടിയുമാണ്. ഈ കാലത്ത് പകുതിയോളം ജനങ്ങൾ ജീവിക്കുന്നത് വിദേശത്താണ്. വിദേശത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾ ആണ് ഇന്ന് വിപണിയിൽ നിറഞ്ഞുനിൽക്കുന്നത്. അതുകൊണ്ട് തന്നെ പ്രവാസികൾ ഇല്ലാത്ത ഒരു നാട് ഇല്ല. സമ്പത്ത് വ്യവസ്ഥയിൽ ഭൂരിഭാഗവും പ്രവാസി നിക്ഷേപത്തിനെയാണ് ആശ്രയിക്കുന്നത്. സൗത്ത് ആഫ്രിക്കയിൽ നിയമം പഠിക്കാൻ ചെന്ന ഗാന്ധിജി അവിടത്തെ വേർതിരിവ് സഹിക്കാൻ കഴിയാതെ ട്രെയിനിൽ കയറി തിരിച്ച് വരുമ്പോൾ കറുത്ത വർഗ്ഗം എന്നു പറഞ്ഞ് ട്രെയിനിൽ നിന്നും വലിച്ചെറിഞ്ഞത് ഇവിടെ സ്മർത്തവ്യമാണ്. ഗാന്ധിജി അവിടെ നിന്നും അഹമ്മദാബാദിൽ എത്തിയ ദിവസം പ്രവാസി ദിനമായി ആചരിക്കുന്നു.

പ്രവാസം ഒരാളുടെ തൊഴിലവസരവും സാമ്പത്തികശേഷിയും ജീവിതശൈലിയിലും മാറ്റം വരുത്തുന്നു. ഒരു വ്യക്തിയെ അയാൾ ആക്കി മാറ്റുന്നത് അയാൾ ജീവിച്ച സാഹചര്യങ്ങളും ചുറ്റുപാടുകളും ആണ്. സാഹചര്യങ്ങളും ചുറ്റുപാടുകളും വ്യക്തി അറിഞ്ഞോ അറിയാതെയോ അയാളുടെ ജീവിത രീതികൾ മാറ്റി മറിക്കുകയും ചെയ്യാം. വ്യത്യസ്തങ്ങളായ ആയ നിരവധി ഘടകങ്ങൾ ഈ സാഹചര്യങ്ങൾക്ക് പിന്നിലുണ്ട്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ വ്യക്തിയിൽ ഊറി കൂടുന്ന നിരവധി ഘടകങ്ങളുണ്ട്. കുടുംബം, ദേശം, ജാതി, മതം തുടങ്ങിയവയെല്ലാം. ഒരു ദേശത്ത് നിന്നും മറ്റൊരു ദേശത്ത് എത്തുമ്പോൾ വ്യക്തിയെ ആ ദേശത്തു നിന്നും വേർതിരിച്ച നിർത്തുന്ന പ്രധാനഘടകം

ജന്മദേശത്തിന്റെ പ്രത്യേകതകളാണ്. വേഷം, ഭാഷ, ഭാഷണം, ആചാരം, ജീവിതരീതികൾ തുടങ്ങിയവയിൽ ഉള്ള വ്യത്യാസം മുഖേന ഇവ തിരിച്ചറിയാവുന്നതാണ്.

കേരളമെന്ന ദേശത്തിൽ നിന്നും വിശാലമായ ഗൾഫ്, അമേരിക്ക തുടങ്ങിയവരുടെ സാമ്പത്തിക മേഖല സ്വന്തമാക്കാൻ ആഗ്രഹിച്ച് യാത്രതിരിച്ചവരുടെ ലക്ഷ്യങ്ങൾ പലതരം ആണ്. തൊഴിൽ അന്വേഷണം മാത്രമായി അത് ചുരുങ്ങുന്നില്ല. ഭൂരിഭാഗം പേരും വിദേശരാജ്യങ്ങളിൽ നിന്ന് മടങ്ങിവരാൻ ഒരുക്കമല്ലാതെ അവിടെ സ്ഥിര വാസികൾ ആയി മാറുന്നു. സാമ്പത്തികമായി ലാഭം, ജീവിത സുരക്ഷ തുടങ്ങിയവയാണ് അവരെ പ്രേരിപ്പിക്കുന്നത്. കേരളം എന്ന ദേശത്തിന് അതിന്റേതായ പ്രത്യേകതകളും കുറവുകളും ഉണ്ട്. എല്ലാം പല ഘട്ടങ്ങളിൽ മനസ്സിലാക്കാവുന്നതാണ്. ഒരു പ്രവാസിയെ സംബന്ധിച്ചിടത്തോളം അയാളുടെ ദേശം മറ്റ് എല്ലാത്തിനേക്കാളും പ്രധാനപ്പെട്ടതാണ്. വ്യത്യസ്ത കാരണങ്ങളാൽ ആകർഷിക്കപ്പെട്ട അന്യ ദേശത്ത് എത്തുമ്പോഴും ഉള്ളിൽ സ്വന്തം ദേശം എന്ന ബോധ്യം ആയിരിക്കും. മറ്റെന്തെല്ലാം നേട്ടങ്ങൾ ഉണ്ടായാലും പ്രവാസിയായ വ്യക്തിക്ക് തന്റെ എന്ന് അവകാശപ്പെടാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒന്ന് സ്വന്തം ദേശം തന്നെയായിരിക്കും . സ്വപ്നങ്ങളുടെ ചിറകിലേറി മലയാളി ഗൾഫിൽ പ്രവാസി ജീവിതം തുടങ്ങിയിട്ട് അരനൂറ്റാണ്ട് പിന്നിട്ടു. വീടിനും നാടിനും വേണ്ടി മണലാരണ്യത്തിൽ വിയർപ്പൊഴുക്കുന്ന മലയാളി കേരളത്തിൻറെ വളർച്ചയിൽ വഹിക്കുന്ന പങ്ക് നിർണായകമാണ്. കേരളത്തിൽ നിന്ന് മാത്രം 30 ലക്ഷത്തിലേറെ പേർ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. മറ്റ് ഏഷ്യൻ രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും എല്ലാം ലക്ഷക്കണക്കിന് മലയാളികൾ വേറെയുമുണ്ട്. സ്വദേശിവൽക്കരണം മൂലം ഒട്ടേറെ പേർക്ക് തൊഴിൽ നഷ്ടമായി നാട്ടിൽ തിരിച്ച് എത്തുന്നുണ്ട്.

റിക്രൂട്ട്മെൻറ് തട്ടിപ്പിന് ഇരകൾ ആയിട്ടുള്ളത് നിരവധിപേരാണ്. നല്ലൊരു ജീവിതം എന്ന സ്വപ്നത്തിനായി ഏജൻസിക്ക് പണം കൊടുത്തു ചതിയിൽ പെട്ടവരുടെ കണ്ണീർ കണ്ടില്ലെന്നു നടിക്കാനാവില്ല. പ്രവാസികളുടെ പലതരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നോർക്ക പദ്ധതികളുണ്ട്. ഗൾഫിൽ മരണമടയുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുക എന്നത്, വോട്ട് രേഖപ്പെടുത്തുവാൻ കഴിയാതിരിക്കുന്നത് പുതിയ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. കിടപ്പാടം ഇല്ലാതാക്കിയും കൊള്ള പലിശക്ക് കാശ് എടുത്തു ഗൾഫ് നാടുകളിൽ എത്തിപ്പെടുന്ന പലർക്കും കൃത്യമായ പ്രതിഫലം ലഭിക്കാതെ, ജോലി ലഭിക്കാതെ, വീട്ടിലേക്കു പണം അയക്കാൻ കഴിയാതെ , പലിശ അടക്കാനാവാതെ, നഷ്ട മുതൽ തിരിച്ചെടുക്കാൻ കഴിയാതെ , വിദേശത്ത് വീണടിയുന്ന ധാരാളം പേർ ഉണ്ട്. ഓരോ തവണയും പ്രവാസിദിനം ആഘോഷിക്കപ്പെടുമ്പോൾ ഒന്നു കൂടി ഓർക്കേണ്ടതുണ്ട്. അന്താരാഷ്ട്ര തലത്തിൽ ഫൈവ് സ്റ്റാർ ഹോട്ടലുകളും ഭൂമി വെട്ടിപ്പിടിക്കാനും കഴിവുള്ള, ചെറുകിടക്കാരെ ഞെരിക്കുന്ന മാളുകളും വ്യാപാര ശൃംഖലകളും പടുത്തുയർത്താൻ കെൽപ്പുള്ള പ്രവാസികളെയുമല്ല പ്രവാസി ഭാരതീയ ദിനത്തിൽ നമ്മൾ ഓർക്കേണ്ടതും ആദരിക്കേണ്ടതും.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ! മർത്യനു പെറ്റമ്മ തൻ ഭാഷ താൻ' വള്ളത്തോൾ (എന്റെ ഭാഷ).

മറ്റു വിദേശ  ഭാഷകളെയെല്ലാം നമ്മൾ സ്വീകരിച്ചാലും പെറ്റമ്മയായ മാതൃഭാഷയെ നമ്മൾ മറക്കരുത്  എന്ന് വള്ളത്തോൾ ഓർമിപ്പിക്കുന്നു.  ഒരു പ്രവാസി തന്റെ ദേശത്തെയും സംസ്കാരത്തെയും ഭാഷയെയും ഭക്ഷണ ശീലങ്ങളെയും ഏറ്റവും പ്രധാനമായി കാണുന്നു. ബെന്ന്യാമിന്റെ "ആടുജീവിതം"എന്ന നോവലിൽ മാതൃഭാഷ പറയുന്ന ആളുകളെ കാണുമ്പോഴുള്ള സന്തോഷം പ്രകടമാക്കുന്ന ധാരാളം സന്ദർഭങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.. യാത്രകളും പ്രവാസ ജീവിതവും സാഹിത്യലോകത്തിൽ ഒരിക്കലും അന്യം ആവുന്നില്ല. എം മുകുന്ദൻറെ "പ്രവാസം"ഇതുതന്നെയാണ് പറയുന്നത്. സ്വന്തം ജീവിതം പണയം വെച്ച് മക്കൾക്ക് മുമ്പിൽ വിരുന്നുകാരാകുന്ന പ്രവാസികൾ, ഉമ്മയെ, മക്കളെ, ഭാര്യയെ, സുഹൃത്തുക്കളെ, ഭാഷയെ, ദേശത്തെ ഓർത്തു ജീവിക്കുന്നു. പ്രവാസികൾക്ക് സമ്പാദ്യം എന്ന് പറയാൻ ആയിട്ടുള്ളത് സ്നേഹം മാത്രം ആണെന്ന് പറയുന്നു. നമ്മുടെ ജീവിതംകൊണ്ട് മറ്റുള്ളവർക്ക് സഹായം ചെയ്യാനാണ് ശ്രദ്ധിക്കേണ്ടത്. ഇതാണ് ജീവിതത്തിൽ നേട്ടമായി വരുന്നതെന്ന് പറയുന്നു.

ഇന്ന് പല ഫാസ്റ്റ് ഫുഡ് ഭക്ഷണ വിഭവങ്ങളും ഗൾഫ് ജീവിതത്തെ ഓർമ്മിപ്പിക്കുന്നു. ഗൾഫ് സംസ്കാരത്തിലെ പല വിഭവങ്ങളും രുചിക്കൂട്ടുകളും ഇന്ന് നമ്മുടെ ഇടയിൽ നിറയുന്നതും ഖുബൂസ്, അൽഫാം, ഗഫെ, ബ്രോസ്റ്റ്, കബ്സ... പ്രവാസത്തിൻറെ തിരിച്ചുവരവുകളെയാണ് ഓർമിപ്പിക്കുന്നത്. ഇത്തരം ഫാസ്റ്റ്ഫുഡ് ഭക്ഷണ ശീലങ്ങളെ കേരളീയർ വളരെ അധികം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.  പ്രവാസം ഒരു സംസ്കാരമാണ്. പ്രവാസികൾ കൂടുതൽ ഉള്ള നാടായി ഇന്ന് മലപ്പുറം മാറിയിരിക്കുന്നു. കൂറ്റൻ കെട്ടിടങ്ങളും വലിയ കൊട്ടാരം പോലുള്ള വീടുകളും പ്രവാസിയുടെ സമ്പാദ്യമായി മാറുന്നു. സ്വന്തം ആരോഗ്യത്തെയും ജീവിതത്തെയും ബലിയാടാക്കി കൊണ്ടുള്ള പ്രവാസവും, പ്രവാസികളും എന്നും വെല്ലുവിളികൾ ഉയർത്തുന്നു, ജീവിതത്തിലും ജീവിക്കുന്നതിനുമായി...

## ആസ്വാദനക്കുറിപ്പ്

ഹിദായ. ടി. 8H

# ആയിരത്തൊന്നു രാവുകൾ

ആയിരത്തൊന്നു രാവുകൾ എന്ന പുസ്തകം തിരഞ്ഞെടുത്ത കഥകളിൽ പെട്ടതാണ്. എ. ബി. വി കാവിൽപ്പാട് ആണ് ഈ പുസ്തകം എഴുതിയിട്ടുള്ളത്. വിശ്വാസാഹിത്യത്തിൽ താരതമ്യം സാധ്യമാകാത്ത വിധം വിശിഷ്ടസ്ഥാനം അലങ്കരിക്കുന്ന ക്രുതിയാണ് ഈ പുസ്തകം.

അറബി ഭാഷയിൽ രചിക്കപ്പെട്ട ഈ ക്രുതി ഒന്നിനു പിറകെ ഒന്നായി ആയിരത്തൊന്ന് രാത്രികളിൽ പറഞ്ഞ കഥകളിലൂടെ, ജീവിതത്തിന്റെയും മരണത്തിന്റെയും കഠിനസമസ്യങ്ങളുടെ,കഥ പറയുന്ന ക്രുതിയാണ്. ഷഹരിയാർ രാജാവിന്റെ ഉറക്കം കെടുത്തിയ, രാജാവിൽ ജിജ്ഞാസയുടെ വിത്ത് പാകിയ കഥകളിൽ നിന്ന് തിരഞ്ഞെടുത്ത എണ്ണപ്പെട്ട കൃതിയാണിത്.

# ചെറുകഥ

ഹിബ. പി. 9 A

## ഞാൻ ഒരു പാഴ്‌വസ്തു

ആൽമരച്ചുവട്ടിലെ നനഞ്ഞ പുൽ നാമ്പുകൾക്കിടയിലൂടെ ഞാൻ അവളോടൊപ്പം നടന്നിരുന്നു .ഒരിക്കലും മറക്കാനാവാത്ത കൂട്ടുകാരി ഞാനില്ലാതെ അവൾ എവിടേയും പോയിരുന്നില്ല. എന്നാൽ അവൾ ഇന്ന് അവൾ എന്നെ ഉപേക്ഷിച്ചു .തെരുവിലെ കവറുകൾക്കിടയിൽ തെരുവുനായ്ക്കൾ എന്നെ കടിച്ചുകീറുന്നു. എനിക്ക് മനസ്സിലായി.

എന്നെ ആർക്കും വേണ്ടല്ലോ........

ഞാൻ വെറുമൊരു ചെരുപ്പല്ലേ.............

വെറും ഒരു പാഴ്‌വസ്തു!

## ഞാൻ ഒരു കള്ളൻ

ദൈവം പുതുതായി വന്ന സ്വർഗ്ഗ നിവാസികളെ കാണാൻ സ്വർഗ്ഗ കവാടത്തിലേക്ക് ചെന്നു. എല്ലാവരെയും നോക്കുന്നതിനിടയിൽ ഒരാൾ ദൈവത്തിൻറെ കണ്ണിൽപ്പെട്ടു. കുഴിഞ്ഞ കണ്ണുകളാൽ അയാൾ ദൈവത്തിനെ നോക്കി . അയാളുടെ വയറിൻറെ ഇടതുവശത്ത് നീണ്ട ഒരു അടയാളം ഉണ്ടായിരുന്നു. കണ്ടാൽ ഭ്രാന്തനെന്നു തോന്നുന്ന ഒരാൾ.

ദൈവം അയാളോട് ചോദിച്ചു.

“നീയാര്?”

“ ഞാൻ ഒരു കള്ളൻ” മുഖം താഴ്ത്തി കൊണ്ട് അയാൾ പറഞ്ഞു.

“ നീ എന്ത് കട്ടു?"

"ഒരുപിടി അരി"

" എന്തിന്?" ദൈവം ചോദിച്ചു.

"ആട്ടെ,നീ എങ്ങനെ മരിച്ചു?

"കൊന്നതാ"

അയാൾ പൊട്ടിക്കരഞ്ഞു .

"എന്തിനാ?" ദൈവം വീണ്ടും ചോദിച്ചു

"ഞാൻ.... ഞാൻ അരി കട്ടതിൻറെ പേരിൽ.. വിശന്നിട്ടാ... ഞാൻ... കട്ടതല്ല.”

വാക്കുകൾ അവ്യക്തമായിരുന്നു. കണ്ണീരിന്റെ ഓരോ തുള്ളികളും അതിൻറെ അർത്ഥങ്ങളും ദൈവം അറിഞ്ഞു. “ നീ കള്ളനല്ല. അന്നത്തിനു വേണ്ടി തെറ്റുചെയ്ത നിന്നോട് ക്ഷമിക്കാതെ, നിന്നെ കൊന്ന അവരാണ് കള്ളന്മാർ.

നിൻറെ പേരെന്താ? നാട് ഏതാ?"

"പേര് മധു. അട്ടപ്പാടിയിൽ നിന്നും വരുന്നു." ദൈവം ഒരു നിമിഷം തിരിഞ്ഞു നോക്കി!!



## യാത്രാവിവരണം

**അംന റുഷ്ദ 10 F**

# പഠനയാത്ര

മൂന്ന് ദിവസത്തെ മൈസൂർ ബാംഗ്ലൂർ പഠനയാത്രയ്ക്കായി 18. 11. 2019 തിങ്കളാഴ്ച രാത്രി 8:30 ന് അത്യധികം സന്തോഷത്തോടുകൂടി ഞങ്ങൾ യാത്ര പുറപ്പെട്ടു. നാല് ബസ്സുകളിൽ ആയി 180 ഓളം കുട്ടികളും 14 അധ്യാപകരും 2 അനധ്യാപകരും ഉണ്ടായിരുന്നു. വളരെ അധികം ആനന്ദം നിറഞ്ഞ നിമിഷങ്ങൾ ആയിരുന്നു ആ രാത്രി.

ആറു മണിയോടുകൂടി മൈസൂരിലെ ലോഡ്ജിലെത്തി. എല്ലാവരും ഫ്രഷായി, പ്രഭാത ഭക്ഷണത്തിനുശേഷം ഞങ്ങൾ മൈസൂർ കൊട്ടാരം കാണാനായി പോയി.1912 ൽ പണികഴിപ്പിച്ച മൈസൂർ കൊട്ടാരത്തിൻറെ രാജാവ് കൃഷ്ണരാജ വോഡയാർ നാലാമനായിരുന്നു. ഒന്നരമണിക്കൂറോളം കൊട്ടാരം എല്ലാം ചുറ്റിക്കണ്ടതിനുശേഷം മൈസൂരിലെ സ്റ്റഫഡ് മൃൂസിയത്തിലേക്ക് പോയി. അവിടെ വിവിധ പക്ഷികളെയും മൃഗങ്ങളെയും വ്യത്യസ്തയിനം വിത്തുകളെയും സ്റ്റാഫ് ചെയ്തു വെച്ചിരിക്കുന്നത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഒന്നര മണിക്ക് ഉച്ച ഭക്ഷണവും കഴിച്ച് ഞങ്ങൾ നേരെ വാട്ടർ ജയിലിലേക്ക് പോയി. ടിപ്പു സുൽത്താൻ നിർമ്മിച്ചതാണ് വാട്ടർ ജയിൽ. പണ്ട് കാലത്ത് ആ ജയിലിലേക്ക് വെള്ളം പമ്പ് ചെയ്തു ശ്വാസം മുട്ടിച്ചു കൊല്ലുന്ന ഒരു ശിക്ഷാ രീതിയാണിത്. അതിനുശേഷം ടിപ്പുസുൽത്താന്റെയും അദ്ദേഹത്തിൻറെ കുടുംബാംഗങ്ങളുടെയും മഖ്ബറ സന്ദർശിച്ചു. അവിടെ നിന്നും നേരെ പോയത് ബൃന്ദാവൻ ഗാർഡൻ ഇലേക്ക് ആണ്. അതിമനോഹരമായ ഒരു ഗാർഡൻ ആയിരുന്നു അത്. അവിടെ നിന്ന് തന്നെ രാത്രി വാട്ടർ ഷോയും കണ്ടു.

ഭക്ഷണത്തിനുശേഷം ലോഡ്ജിൽ തിരിച്ചെത്തി. രണ്ടാമത്തെ ദിവസം ഞങ്ങൾ വളരെ നേരത്തെ തന്നെ എഴുന്നേറ്റു. ബാംഗ്ലൂരിലേക്ക് ആയിരുന്നു അന്നത്തെ യാത്ര. രാവിലത്തെ ഭക്ഷണത്തിനുശേഷം ഏഴുമണിയോടെ തന്നെ പുറപ്പെട്ടു. വിദ്യാർത്ഥികളും അധ്യാപകരും എല്ലാം വളരെ ഉത്സാഹത്തിലായിരുന്നു. ബസിൽ ഉള്ള നിമിഷങ്ങൾ ഒക്കെ വളരെ രസകരമായിരുന്നു. ബാംഗ്ലൂരിൽ ഞങ്ങളാദ്യം പോയത് വിശ്വേശ്വരയ്യ മ്യൂസിയം കാണാനാണ്. തികച്ചും വ്യത്യസ്തമായ കാഴ്ചകൾ

ആയിരുന്നു അവിടെ. ആദ്യം തന്നെ ഞങ്ങൾ റൈറ്റ് ബ്രദേഴ്സ് വിമാനത്തിൻറെ വലിയ ഒരു മോഡൽ കണ്ടു. ഫിസിക്സും ആയി ബന്ധപ്പെട്ട വ്യത്യസ്ത നിയമങ്ങളും തത്ത്വങ്ങളും പരീക്ഷണങ്ങളും എല്ലാം കണ്ടു. മൂന്നാമതായി സ്പേസ് ടെക്നോളജി വേൾഡ് ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരുപാട് വിവരങ്ങൾ കണ്ടു മനസ്സിലാക്കാൻ സാധിച്ചു.

ഉച്ച ഭക്ഷണത്തിനുശേഷം ലാൽബാഗ് ലേക്ക് പോയി.270 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന അതി വിസ്തൃതമായ ഒരു പാർക്കാണ് ലാൽബാഗ്. രണ്ടര മണിക്കൂറോളം അവിടെ ചിലവഴിച്ചു.

പിന്നീട് പോയത് ബാംഗ്ലൂരിലെ ഒരു മാളിലേക്ക് ആയിരുന്നു. ചുരുങ്ങിയ സമയം മാത്രം അവിടെ ചിലവഴിച്ചു കൊണ്ട് തിരിച്ചു മൈസൂരിലേക്ക് തന്നെ പുറപ്പെട്ടു.

ഞങ്ങളുടെ യാത്രയുടെ മൂന്നാമത്തെ ദിവസം. മൈസൂരിൽ ഉള്ള ഏതാനും സ്ഥലങ്ങൾ കൂടി കാണാനാണ് തീരുമാനിച്ചിരുന്നത്. ആദ്യം തന്നെ മൈസൂർ മൃഗശാലയിലേക്ക് പോയി . എല്ലായിനം പക്ഷികളെയും മൃഗങ്ങളെയും കാണാൻ ഞങ്ങൾക്ക് സാധിച്ചു. ഏകദേശം നാല് കിലോമീറ്റർ വിസ്തൃതിയിൽ കിടക്കുന്നതാണ് മൈസൂർ മൃഗശാല. പിന്നീട് പോയത് ഒരു പഴയ ചർച്ചയിലേക്ക് ആണ്.1936 ൽ പണികഴിപ്പിച്ച ഒരു വലിയ ചർച്ച ആണ്. അതിൻറെ ഉൾഭാഗവും അനുബന്ധ സ്ഥലങ്ങളും കണ്ടു. അതിന് ശേഷം ഉച്ചഭക്ഷണവും കഴിച്ച് സിൽക്ക് ഫാക്ടറി കാണാനായി പോയി. വളരെ കൗതുകകരമായ കാഴ്ചകളായിരുന്നു അവിടെയുണ്ടായിരുന്നത്. ഒരു സിൽക്ക് വസ്ത്രം ഉണ്ടാവുന്നതിന് പിന്നിലെ എല്ലാ ഘട്ടങ്ങളും വളരെ വിശദമായി തന്നെ ഞങ്ങൾ കണ്ടു മനസ്സിലാക്കി. ഇവിടെനിന്നും ചാമുണ്ഡി ഹിൽസ് ലേക്ക്. സമുദ്രനിരപ്പിൽ നിന്നും 3,300 അടി ഉയരത്തിലുള്ള ഒരു പ്രസിദ്ധമായ ക്ഷേത്രമായിരുന്നു ചാമുണ്ഡിക്ഷേത്രം. അവിടെ ഞങ്ങൾ ഷോപ്പിങ്ങിനായി സമയം കണ്ടെത്തി.

എല്ലാം കഴിഞ്ഞ് ആറു മണിക്ക് തന്നെ പുറപ്പെട്ടു. ഞങ്ങളുടെ യാത്രയുടെ ഏറ്റവും അവസാന ഭാഗമായ നടത്തി. രാത്രി ഭക്ഷണവും കഴിച്ച് ശേഷം ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. തിരിച്ചുള്ള യാത്രയിൽ ഒരുപാടുപേർ ഫീഡ്ബാക്ക് പറഞ്ഞു. 5:30 ന് സ്കൂളിൽ തിരിച്ചെത്തി. മറക്കാൻ പറ്റാത്തതായ നല്ലൊരു അനുഭവമായിരുന്നു ഞങ്ങൾക്ക് ഈ യാത്ര!!!


STORE

## കഥ

രഞ്ജിത്ത് . കെ. കെ 10A

# സ്വപ്നം കളയുന്ന പിൻവിളി

ഒരു ദിവസം പെയ്തിട്ടും തീരാത്ത മഴ സ്നേഹം പോലെ ഇറ്റുവീഴുന്ന മഴത്തുള്ളികൾ അന്നവൾക്ക് അനുഭവപ്പെട്ടു. അവൾ വീടിന്റെ വരാന്തയിലൂടെ പതുക്കെ പതുക്കെ നടക്കുകയായിരുന്നു. ഏതോ ഒരു ഓർമ്മയിലൂടെ അവൾ വരാന്തയിലൂടെ നടന്നുകൊണ്ടിരിക്കെ ഒരു യാമത്തിൽ ഒരു പിൻവിളി അനുഭവപ്പെടുന്ന വിധത്തിൽ അവളുടെ കാതുകളിൽ മുഴങ്ങി. അന്ന് രാത്രി അവളുടെ മനസ്സ് അതിനെ ഓർത്ത്, നിരന്തരമായ ആ പിൻവിളികൾ അവളെ ഉണർവിലേക്ക് കൊണ്ടുവന്നു.

സന്ധ്യമയങ്ങി, പക്ഷികളുടെ കളകളാ ശബ്ദങ്ങൾ നിശബ്ദമായി. പൂർണചന്ദ്രൻ ഒഴുകുന്ന പൂനിലാവിൽ സന്ധ്യ നേരെത്തേ കടന്നുപോയി. വീണ്ടും വീണ്ടും അവൾ ചിന്താവിഷ്ടയായി കൊണ്ടിരിക്കെ കിഴക്കുനിന്ന് പൂനിലാവിലൂടെ കാറ്റിന്റെ ദിശ മാറിവരികെ ആ ഇളം കാറ്റ് അവളുടെ തെക്കിനി ഭാഗത്തിന്റെ തൊട്ടുമുകളിലെ അവളുടെ മുറിയുടെ ജനലിലെ തുറന്നിട്ട ജനൽ പൊളിയിലൂടെ വീശി. ഏതോ യാമത്തിൽ അവളുടെ കണ്മിഴികൾ ഉറക്കത്തിലേക്ക് വഴുതിവീണു. പതിയെ അവൾ ഉറക്കത്തിലേക്ക് ആഴ്ന്നിറങ്ങിപോയിരുന്നു. നേരം പുലരുവാനായി പക്ഷികളുടെ കളകളാ ശബ്ദങ്ങൾ വീണ്ടും ഉണർന്നിരിക്കെ സൂര്യൻ മലനിരകളുടെ മുകളിൽ വന്ന് ഉദിച്ചു. അവൾ ഉറക്കത്തിന്റെ പാതിവഴി കഴിഞ്ഞ് ഉണർന്ന് ഇരുന്നു. വീടിന്റെ ജനലിലൂടെ പുറത്തെ കാഴ്ചകൾ നോക്കിയപ്പോൾ എന്തോ ഒരു വിസ്മയത്തിൽ അവളുടെ വലതുകയ്യിലേക്ക് ഒരു മൃദുവായ തൂവൽ വന്നു ചേർന്നു. അവൾ അതിനെ സൂക്ഷിച്ച് നോക്കിയപ്പോൾ ആ ഓരോ തൂവലിഴകളിലും അവൾക്ക് ഓരോ ഓർമകൾ അനുഭവപ്പെട്ട് കൊണ്ടിരിന്നു. അപ്പോഴാണ് വീണ്ടും ആ പിൻവിളിയുടെ ഓർമ്മകൾക്ക് വിധേയമായത്. അതിനെക്കുറിച്ചുള്ള ഓർമ്മകൾ സാക്ഷാകരിക്കാൻ അവൾ അവളുടെ മനസ്സ് ശാന്തമായ രീതിയിൽ കൊണ്ട് പോയിരിന്നു.

പിന്നീടവൾ അവളുടെ ചുറ്റ്പാടുകൾ കഴിഞ്ഞതിന് ശേഷം അവളുടെ വീടിന്റെ മുൻവശത്തിലെ വരാന്തയിലൂടെ വീണ്ടും വീണ്ടും നടക്കവെ ആ പിൻ വിളികൾ വീണ്ടും അവളുടെ കാതുകളിൽ മുഴങ്ങി. അപ്പോൾ അവൾ ആ വിളിയുടെ ഗാംഭീര്യം കൂടിയ ഭാഗത്തേക്ക് ഓടിച്ചെന്നു. അത് അവളുടെ വീടിന്റെ മുൻവശത്തായിരിന്നു. അവൾ വീടിന്റെ മുൻവശത്തെ തൂണിൽ കൈ മുറുക്കി പിടിച്ച് കൊണ്ട് പുറത്തേക്ക് നോക്കി. ഒന്നും വെക്തമായി കാണുന്നില്ല. അവൾ പിന്നെയും പിന്നെയും ആ ഒരു പിൻവിളിക്കായി കാതോർത്തു.

അന്നവൾക്കുറങ്ങാൻ കഴിഞ്ഞില്ല, അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു.

## ലേഖനം

**അനീന ബേബി. ഇ. 10A**

# വായന എന്ന മാസ്മരിക ലോകം

വായനാശീലത്തിന്റെ പ്രാധാന്യം ഉത്തിഷ്ഠരായ ആരുടെ സ്മൃതി മണ്ഡലത്തിൽ നിന്നും മറഞ്ഞു പോകാൻ പാടില്ലാത്തതാണെന്ന തത്വം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും ജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് നമ്മെ കൈപിടിച്ചുയർത്തിയ കേരള ഗ്രന്ഥശാലാ സംഘത്തിനും പുസ്തക പ്രചാരണത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ച പി എൻ പണിക്കരുടെ ചരമദിനമാണ് ജൂൺ 19. ഈ ദിവസം വായനാദിനമായി നാം ആചരിച്ചുവരുന്നു.

ജ്ഞാനാർജ്ജനത്തിനുള്ള ഏറ്റവും ലളിതവും ഫലപ്രദവുമായ മാർഗം പുസ്തകവായന തന്നെയാണ് . തലമുറകൾ ആർജിച്ച വെച്ച അറിവിന്റെ വൻകരുതൽ ശേഖരങ്ങളാണ് പുസ്തകങ്ങൾ. അവ ഭൂതകാലത്തെക്കുറിച്ച് അറിവ് തരുക മാത്രമല്ല ഭാവിയിലേക്ക് വിരൽ ചൂണ്ടി കാണിച്ച് ജീവിതം സഫലമാക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഔപചാരിക വിദ്യാഭ്യാസം കൊണ്ട് നാം നേടുന്ന അറിവുകൾ പൂർണമാക്കുന്നതും അവയെ പ്രായോഗിക തലത്തിൽ എത്തിക്കാൻ നമുക്ക് സഹായകരമാകുന്നതും വായന തന്നെ! വായന ഒഴിച്ചുനിർത്തി കൊണ്ടുള്ള ജീവിതം ശുഷ്കമത്രേ. "വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണി മാഷിൻറെ വാക്കുകൾ ശ്രദ്ധേയമാണ്.

"ഒരറിവും പകർന്നു നൽകാത്തതായി ഒരു പുസ്തകവും ഇല്ല' എന്ന് ചിന്തകനും പ്രഭാഷകനുമായ ഡോക്ടർ സുകുമാർ അഴീക്കോട് തന്റെ "വായനയുടെ ഉപനിഷത്ത്" എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. വായനയ്ക്ക് ഉണ്ടായിരിക്കേണ്ട വൈപുല്യത്തേയാണ് ഇത് സൂചിപ്പിക്കുന്നത്.

വിഷയ വൈവിധ്യങ്ങൾ പരിഗണിക്കാതെ കിട്ടാവുന്നതെന്തും വായിക്കുകയാണ് വേണ്ടത്. നന്മയാർന്ന അറിവ് നേടിത്തരുമെന്ന് തോന്നുന്ന ഒന്നും വായനയിൽ നിന്നും ഒഴിവാക്കേണ്ടതില്ല.

പുസ്തകം വളർത്തിയ ഒരുപാട് മഹാന്മാർ ലോകത്തിന് മാതൃകയായി നമുക്ക മുമ്പിലുണ്ട്. ഔദ്യോഗിക വിദ്യാഭ്യാസം തീരെ സിദ്ധിക്കാത്ത ഒരുപാട് പേർ പരിമിതമായ അക്ഷരജ്ഞാനം ഉപയോഗിച്ച് വായന കൊണ്ട് മാത്രം വളർന്നിട്ടുണ്ട്. കേരളത്തിൽ വി. ടി. ഭട്ടതിരിപ്പാട്, ലോകചരിത്രത്തിൽ ആണെങ്കിൽ അബ്രഹാം ലിങ്കൺ, മാർട്ടിൻ ലൂഥർ കിംഗ്, ഗാന്ധിജി തുടങ്ങിയ ഒട്ടേറെപ്പേർ വായനാശീലത്താൽ വിശ്വവിജയം നേടിയവരാണ്.

ഇതെല്ലാം പറഞ്ഞപ്പോഴും നമ്മുടെ ആധുനിക ജനത "വായന' എന്ന മഹത്വത്തെ തുടച്ചു മാറ്റി കൊണ്ടിരിക്കുകയാണ്. ദൃശ്യമാധ്യമങ്ങളുടെ പ്രചാരം വായനാശീലത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണതയെ മറികടക്കാൻ കുട്ടികളിലെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. ഗ്രന്ഥശാല സംഘം അത്യധികം സജീവമായി കേരളത്തിൽ ധാരാളം വായനശാലകൾ തുറന്നിട്ടുണ്ട്. അതിനെയെല്ലാം ഫലപ്രദമായി നാം ഉപയോഗിക്കണം.

"ഭൗതികമായ വിശപ്പിന് ഭക്ഷണം' എന്നപോലെ "ആത്മീയമായ വിശപ്പിനുള്ള പരിഹാരമാണ് പുസ്തകങ്ങൾ'. ഇവ അജ്ഞാതമായ ലോകങ്ങളിലേക്ക് കൈപിടിച്ചുയർത്തുകയും അപരിചിതമായ പരിസരങ്ങളെ തുറന്നുകാട്ടുകയും ചെയ്യും. അതിനാൽ തന്നെ വായനയെ നാം പതിവാക്കുക. പുസ്തകങ്ങളെ നമ്മുടെ കൂട്ടുകാരാക്കുക. "വായിച്ചു വളരുക' എന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം.

# കവിത

അർഷാന കെ. പി. 10 A

## നനഞ്ഞ പകലിൽ വ്രണങ്ങൾ

ആർദ്രമായി പെയ്യുന്ന നനവാർന്ന നീർത്തുള്ളികൾ
ഞെട്ടറ്റു നിലം പതിക്കുന്ന വ്രണമായി ഭവിക്കുന്നു

തോരാത്ത ചുടുനീർ തോർന്നില്ലയപ്പോഴും
ജീവൽതുടിപ്പിൻ വിശ്വാസമന്ന് .
മൂകത ജനിപ്പവേ
അഴലാർന്ന  മിഴികൾ ഇടറിയൊഴുകുന്നു
നിശ്ചലം;ഭയാനകമീ ശാന്തിതീരം...
ശവമഞ്ചലിൽ ചലനമറ്റു കിടപ്പതോ
ഹാ ! അരുമയായ മുഖം.
ഉയരുന്ന നിലവിളിയലിഞ്ഞുപോകുന്നു
ഈ മഴതൻ ആർത്ത സ്വരത്തിൽ
പകലിൻ പ്രഭയറ്റ് പോമൊരാ-
തേങ്ങൽ വീണ്ടും അവശേഷിപ്പവേ
പെയ്യുന്ന തോരാത്ത നീർത്തുള്ളികൾ;
വെള്ളത്തുണി മൂടുമാ കട്ടിൽ ചലിക്കവേ
വീണ്ടും മൂകതയെ ഭേദിച്ചുയരുന്നിതാ- നിലവിളി; തോരുമാ മഴയിൽ
അലിയാതെയുയരുന്നു.
ആർദ്രമായി പെയ്യുന്ന നനവാർന്ന നീർത്തുള്ളികൾ മിഴികളിൽ.....

ലേഖനം

ശ്രീജിത. പി (മലയാളം അദ്ധ്യാപിക)

# വീരാൻകുട്ടിയുടെ കവിതകളിലെ പരിസ്ഥിതി ചിന്തകൾ

ജീവികളുടെ നിലനിൽപിനെയും വികസനത്തെയും സ്വാധീനിക്കുന്ന ഘടകങ്ങളുടെ സമാഹാരത്തെയാണ് പരിസ്ഥിതി എന്നു വിശേഷിപ്പിക്കുന്നത്. ഇക്കോസ്, ലോഗോസ് എന്നീ ഗ്രീക്കുപദങ്ങളിൽനിന്നാണ് ഇക്കോളജി എന്ന പദം രൂപമെടുത്തത്. ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത് ജർമ്മൻ ജന്തുശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെഗൽ ആണ്.

1962 ൽ പ്രസിദ്ധീകരിച്ച "നിശ്ശബ്ദവസന്തം' (The silent spring) എന്ന ഗ്രന്ഥത്തിലൂടെ പുതിയൊരു ഭൗമസദാചാരത്തിന് തുടക്കം കുറിക്കുകയാണ് റേച്ചൽ കാഴ്സൺ ചെയ്തത്.1 1950 കളുടെ അവസാനത്തിലും 60 കളുടെ തുടക്കത്തിലും അമേരിക്കയിൽ സാമ്പത്തികപുരോഗതി മാത്രമായിരുന്നു ലക്ഷ്യം. പരിസ്ഥിതിയും ധർമ്മബോധവുമെല്ലാം അവഗണിക്കപ്പെടുകയും കീടനാശിനി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത അമേരിക്കയിൽ നിശ്ശബ്ദമാകുന്ന വസന്തത്തെ നമുക്ക് കാണാൻ കഴിയുന്നു. നിശ്ശബ്ദവസന്തം പ്രസിദ്ധീകരിക്കുന്നതിന് എട്ടു വർഷം മുമ്പാണ് ഇടശ്ശേരി (1954) "കുറ്റിപ്പുറം പാലം' എന്ന കവിതയെഴുതിയത്.2 പരിസ്ഥിതി വിചാരം മലയാളസാഹിത്യത്തിൽ രൂഢമൂലമാകുന്നത് ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിലാണ്. വ്യവസായവൽക്കരണം, വനനശീകരണം, നൂതന കൃഷിശൈലികൾ, ജൈവസമ്പത്തിന്റെ ചൂഷണം, നഗരവൽക്കരണം, ജനപ്പെരുപ്പം തുടങ്ങിയവ പരിസ്ഥിതിയിൽ ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന ക്ഷതങ്ങൾ പ്രകൃതിസ്നേഹികളുടെയും ശാസ്ത്രജ്ഞരുടെയും എഴുത്തുകാരുടെയും കണ്ണുകൾ തുറപ്പിച്ചു. ഹരിതഭൂമികൾ മരുഭൂമികളാകുന്നതും മണ്ണും വിണ്ണും ജലാശയങ്ങളും വിഷമയമാകുന്നതും വ്യക്തമായി കാണാമായിരുന്നു.

ആയിരത്തിത്തൊള്ളായിരത്തി എൺപതിൽ എൻ. വി. കൃഷ്ണവാര്യരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് പ്രകൃതിസംരക്ഷണ സമിതി രൂപംകൊണ്ടു. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ ലോകത്തും ഇന്ത്യയിലും ഉയർന്നുവന്ന പാരിസ്ഥിതികാവബോധത്തിന്റെ തുടർച്ചയായിരുന്നു സൈലന്റ്വാലി പ്രക്ഷോഭം. "വനപർവ്വം' എന്നൊരു കവിതാസമാഹാരം പ്രകൃതിസംരക്ഷണ സമിതിയുടെ സംഭാവനയാണ്. ആയിരത്തിത്തൊള്ളായിരത്തി

എൺപത്തിമൂന്നിലാണ് ഈ കൃതി പ്രസിദ്ധം ചെയ്യത്.3 "പ്രകൃതിസംരക്ഷണത്തിന് വേണ്ടി, ജീവന്റെ നിലനിൽപിന് വേണ്ടി' എന്നതാണ് പ്രകൃതിസംരക്ഷണസമിതിയുടെ മുദ്രാവാക്യം.

വ്യവസായാന്തരകാലത്തെ ആകുലതകളെ, ശകലിതമായ ആന്തരികജീവിതത്തെ, രാഷ്ട്രീയത്തിന്റെയും ആദർശത്തിന്റെയും ചിതറലുകളെ പുതുകാലം നേരിട്ടത് ശകലിതമായ ഭാഷ ഉയർത്തിക്കൊണ്ടുവന്നാണ്. ആധുനിക കവിതയെ എസ്. ജോസഫ് തീപ്പന്തമായും പുതുകവിതയെ ചിമ്മിനിവിളക്കായും പറയുന്നുണ്ട്. "പുതുകവിതയ്ക്ക് കാച്ചിക്കുറുക്കിയ കവിത എന്ന പറച്ചിൽ ഒരു വിശേഷണമേ അല്ല, കാരണം മിക്കവാറും കവികളും കാച്ചിക്കുറുക്കി തന്നെയാണ് എഴുതുന്നതെ' ന്ന് എൻ. പ്രഭാകരൻ നിരീക്ഷിക്കുന്നുണ്ട്.

നാശോന്മുഖമാകുന്ന പ്രകൃതി, വംശങ്ങൾ, വിശ്വാസം, അറിവുകൾ, തിരിച്ചുപിടിക്കുക എന്നിവയെ തിരിച്ചുപിടിക്കുക എന്ന ബോധം ഉത്തരാധുനിക എഴുത്തിൽ കാണാൻ സാധിക്കുന്നു. ആധുനികകാലത്ത് പാർശ്വവൽക്കരിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരും മുഖ്യധാരയിലേക്ക് കടന്നുവരുന്നു. ഉത്തരാധുനിക കവിത സ്വത്വനിർമ്മിതിയുടെ പാഠങ്ങളാകുന്നു. ഉത്തരാധുനികതയുടെ കാഴ്ചപ്പാടുകൾ സൂക്ഷ്മരാഷ്ട്രീയ (Micro Politics) ◌ ത്തിന്റേതാണ്. ഉത്തരാധുനിക കാലാവസ്ഥയിൽ പരിസ്ഥിതിവാദം ഒരു രാഷ്ട്രീയബോധമായി പരിണമിക്കുന്നു.

മലയാളത്തിലെ ഉത്തരാധുനികകവിതയിൽ പരിസ്ഥിതിപ്രശ്നങ്ങൾ അതീവ ഗൗരവത്തോടെയാണ് ചർച്ചചെയ്യുന്നത്. പരിസ്ഥിതി കവിതയെന്ന നിലയിലാണ് ഉത്തരാധുനിക മലയാളകവിത അതിന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കുന്നത്. ഉത്തരാധുനിക പരിസ്ഥിതി കവികളിൽ ശ്രദ്ധേയനാണ് പി.പി. രാമചന്ദ്രൻ (കാണെ കാണെ, മാമ്പഴക്കാലം, ഇടശ്ശേരിപ്പാലം, പട്ടാമ്പിപ്പുഴ മണലിൽ, ഹരിതാഭരണം, കാറ്റേകടലേ), എസ്. ജോസഫ് (കറുത്തകല്ല്, മീൻകാരൻ, ഐഡന്റിറ്റികാർഡ്.......) വിജലയലക്ഷ്മി (മഴതൻ മറ്റേതോ മുഖം, മഴയ്ക്കപ്പുറം, പോക്കുവെയിൽ, ഭൂമിയുമായി അനുരാഗത്തിലായ ഒരാൾ....) മോഹനകൃഷ്ണൻ കാലടി (മഴപൊട്ടൻ, റെയിൻകോട്ട്, മിനുക്കം.......), വീരാൻകുട്ടി (ഓട്ടോഗ്രാഫ്, മൺവീറ്, ജനഭ്രപടം...)തുടങ്ങിയവർ. ഇക്കൂട്ടത്തിൽ തന്റേതായ ഒച്ചകേൾപ്പിക്കാൻ ശ്രമിക്കുന്ന കവിയാണ് വീരാൻകുട്ടി. "തീരെ ചെറിയ ഇനം ചില ഒച്ചകളു'4 ടെ കവിയാണദ്ദേഹം.

മൗനത്തിന്റെ രാഷ്ട്രീയവും പ്രയോഗവും നേരത്തെത്തന്നെ തിരിച്ചറിഞ്ഞ കവിയാണ് വീരാൻകുട്ടി. ശബ്ദത്തിൽ ഒച്ചയെ വേർതിരിച്ചറിയുകയും അതിൽനിന്ന് മൗനത്തെ അരിച്ചെടുക്കുകയും ചെയ്യുന്നുണ്ട് വീരാൻകുട്ടി.

ഭാവനയും ജീവിതവും പൂർണത നേടുന്നത് പ്രകൃതിയുടെ സ്വഭാവികതയിലും നൈസർഗികതയിലുമാണ്. കൃത്രിമസംവിധാനങ്ങൾ കടന്നുവരുമ്പോൾ അനുഭവങ്ങളും വ്യത്യസ്തമാകുന്നു. സ്ഥലം, സമയം, പണം എന്നിവയുടെ ലാഭത്തിന് മുൻതൂക്കം നൽകുന്ന മനുഷ്യന്റെ പുതിയ ജീവിതസാഹചര്യത്തിൽ പ്രകൃതിയുടെ സ്വാഭാവികതയ്ക്ക് യാതൊരു സ്ഥാനവും ഇല്ല. ലാഭക്കണക്കുകൾ പ്രകൃതിയെ ഇല്ലാതാക്കുന്നു.

സ്ഥലത്തോടുള്ള പ്രതിബദ്ധത, വന്യതയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുള്ള സന്നദ്ധത, വന്യത പവിത്രമാണെന്ന തിരിച്ചറിവ് സാഹിത്യത്തിലൂടെ അവതരിപ്പിക്കാൻ ഗേരി സ്നീഡർ ശ്രമിക്കുന്നു. "വന്യതയിലാണ് ജീവന്റെ നിലനിൽപ്" എന്ന ഹെന്റരി ഡേവിഡ് തൊറോയുടെ ദർശനം നമുക്ക് സുപരിചിതമാണ്.

പ്രകൃതിയുടെ സ്വാഭാവികത കൃത്രിമമായി സൃഷ്ടിക്കാനുള്ള ശ്രമമാണ് വീരാൻകുട്ടിയുടെ "വാട്ടർ അതോറിറ്റി'. ഭൂമിയിലെ അക്ഷയഖനിയായിരുന്ന ജലശേഖരത്തെ ഉപയോഗിക്കുന്നതിൽ വന്ന മാറ്റമാണിവിടെ പരാമർശിച്ചിരിക്കുന്നത്. കമ്പോളത്തിന്റെ മത്സരവും ലാഭവും സ്വാർത്ഥതയും നിറഞ്ഞ കണ്ണുകൾ ജലത്തെ സ്വന്തമാക്കാൻ പലരീതികളും സ്വീകരിച്ചിരിക്കുന്നു. പുതിയ ഉപഭോഗസംസ്കാരത്തിന്റെ തി•യിലേക്കാണ് "വാട്ടർ അതോറിറ്റി' ചെന്നെത്തുന്നത്.

വീരാൻകുട്ടിയുടെ രചനകളിലെ പ്രതീകങ്ങളും ഭാഷയും ഹരിതദർശനത്തിന്റെ സാന്നിധ്യം നിലനിർത്തുന്നു. "ജലഭൂപട'ത്തിൽ പ്രത്യക്ഷമാകുന്ന മീൻകുഞ്ഞുകൾ, കടൽ, തിര.... തുടങ്ങിയ പദങ്ങളെല്ലാം പരിസ്ഥിതിയുമായി ചേർത്ത് വായിച്ചെടുക്കാവുന്നതാണ്.

പരിസ്ഥിതിപ്രവർത്തകയായ മേധാപട്ക്കർക്ക് സമർപ്പിച്ച "തീരെ ചെറിയ ഇനം ചില ഒച്ചകൾ' പ്രകൃതിക്ക് മേൽ മനുഷ്യനുവേണ്ട അതിസൂക്ഷ്മ ശ്രദ്ധയെക്കുറിച്ചാണ് പറയുന്നത്. കാർഷികവൃത്തിയിൽ മനുഷ്യർക്ക് ഈ കഴിവ് ഉണ്ടായിരുന്നു. ഇന്ന് അവ നഷ്ടമായതുകൊണ്ടാണ് പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നത്. പൂക്കൈത പോള വീണ്ടുണരുന്നതിന്റെയും പുന്നെല്ല് കിളിരിട്ട് കലരുന്നതിന്റെയും പൂ വിരിയുന്നതിന്റെയും ഇല കൊഴിയുന്നതിന്റെയും തീരെ ചെറിയ ഇനം ഒച്ചകളെ അറിഞ്ഞാൽമാത്രമേ ജയാരവങ്ങൾക്കിടയിൽ ഭൂവിലാപങ്ങൾ കേൾക്കാൻ കഴിയൂ. മനുഷ്യനും പ്രകൃതിക്കുമിടയിലുള്ള കാണാച്ചരടുകളെ കുറിച്ച് പുതിയ കവികൾ ബോധവാന്മാരാണ്.

"പഠിപ്പ്' എന്ന വീരാൻകുട്ടിയുടെ കവിതയിൽ പൂമ്പാറ്റയുടെ ചിത്രം കാണിച്ച് ചിത്രശലഭം എന്ന് പഠിപ്പിക്കുന്നതും, പൂമ്പാറ്റയെന്ന് വീട്ടിൽവിളിക്കുന്ന പേരാണെന്നും സമാധാനിപ്പിക്കുന്നു. ഇവാൻ ഇല്ലിച്ചിന്റെ "ഡീസ്കൂളിംഗ്' എന്ന ദർശനം ഇവിടെ ഓർക്കാവുന്നതാണ്. ചുറ്റുപാടുമുള്ള പ്രകൃതിയെയാണ് ആദ്യമറിയേണ്ടതെന്ന് വ്യക്തമാക്കുന്നവയാണ് ഇത്തരം കവിതകൾ.

"ആശ്ലേഷം', "നിന്നെപ്പറ്റി', "ചങ്ങാതി' തുടങ്ങിയ കവിതകൾ അകറ്റി നട്ട മരങ്ങളെയും, പുഴവിൽ നിന്നും പൂമ്പാറ്റയാവുന്നതിനെക്കുറിച്ചും, മഴപെയ്ത് തളിർക്കുന്നത് വെയിൽ കൊണ്ട് ഉണക്കാനാണോ എന്നും കവിതയിലൂടെ ചോദിക്കുന്നു.

"ഭൂമിക്കടിയിൽ

വേരുകൾകൊണ്ട്

കെട്ടിപ്പിടിക്കുന്നു,

ഇലകൾ തമ്മിൽ

തൊട്ടുമെന്ന പേടിച്ച് നാം

അകറ്റി നട്ട

മരങ്ങൾ......."          (ആശ്ലേഷം) 5

"കമിതാക്കൾ' എന്ന കവിതയിൽ രണ്ടുമീനുകൾ പാലത്തിലൂടെ പുഴ കടന്നെത്തുന്നതും കരയിലെത്തിയപ്പോൾ പ്രണയത്താൽ ശ്വാസം മുട്ടുമെന്നുള്ള കാര്യം പറഞ്ഞില്ലെന്നുമായിരുന്നു പരാതി.

"കണ്ണുകാണാത്തവൾക്ക്' എന്ന കവിതയിൽ ലോകത്തിന്റെ മുഴുവൻ നഗ്നതയെയും തിരിച്ചറിയാനും, തെറ്റുകൾക്കെതിരെ പ്രതികരിക്കാതെ ധ്യാനത്തിലിരുന്ന് അന്ധത സ്വീകരിക്കുന്നവരെക്കുറിച്ചും പരിഹസിക്കുന്നു.

"ഇക്കോ -ടൂറിസം' എന്ന പേരിൽ പ്രകൃതിയെ കച്ചവടച്ചരക്കാക്കുകയും അതിനെ വിറ്റ് ലാഭം കൊയ്യുകയും ചെയ്യുന്ന അധികാരി വർഗത്തോടുള്ള ചോദ്യമാണ് കവിതയിലൂടെ ഉന്നയിക്കുന്നത്.

"കാത്തുനില്പ്' എന്ന കവിതയിൽ മനോഹരമായി തളിർക്കുകയും പൂക്കുകയും ചെയ്യുന്ന ഊട്ടിച്ചുരത്തിലേക്കുള്ള യാത്രയിലെ വംരങ്ങളുടെ തലയെടുപ്പിനെക്കുറിച്ചാണ്. "കൂണുകൾ' എന്ന കവിതയിൽ മേഘങ്ങൾ ചുംബിച്ച വെളിച്ചത്തിനു പേടി മറന്നുപെറ്റ കൂൺകുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നു. "ഭൂമിയുടെ ഉർവരതയാണിത് സൂചിപ്പിക്കുന്നത്.

"വിളി' എന്ന കവിതയിൽ കുന്നുകളുടെ യാത്രയെക്കുറിച്ച്, അപ്രത്യക്ഷമാവുന്ന മലകളുടെ വഴികളെക്കുറിച്ച് പരിഭ്രാന്തനാവുന്ന കവിയെ കാണാൻ സാധിക്കുന്നു.

"നോക്കിയെഴുത്ത്' എന്ന കവിതയിൽ ചിറകുകൾ കൊണ്ട് കിളികൾ ആകാശത്തിലെഴുതിയത് നദിയിലെ കുഞ്ഞുമീനുകൾ നോക്കിയെഴുതുന്ന മാസ്മരിക സൗന്ദര്യം ആസ്വദിക്കുകയാണ് കവി.

"അതിജീവനം' എന്ന കവിതയിൽ വെയിലിനെ ഉരുക്കി സ്വർണമാക്കി കാതിലണിയുന്ന കൊന്നമരത്തോടും വേനലിന്റെ കാഠിന്യത്തിലും തളിർത്തു നിൽക്കുന്ന ഉങ്ങുമരത്തിനോടും വേനലിന്റെ കാഠിന്യത്താൽ ഉണങ്ങിപ്പോയേക്കാവുന്ന കുഞ്ഞുപുല്ലിനെക്കൂടി "അതിജീവന'ത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കാൻ പറയുന്നു.

മണ്ണ്, ഭൂമി, മഞ്ഞ്, മഴ, വെയിൽ, സൂര്യൻ, ചന്ദ്രൻ, വെളിച്ചം, ഇരുട്ട്, നിലാവ്, കിളികൾ, മേഘം, മിന്നൽ, പെയ്യൽ, ഉറവ, മഴപ്പാറ്റകൾ, ഉറുമ്പുകൾ, വിളക്ക്, പൂവിരിയൽ, പൂമ്പാറ്റ, പുഴ, തുവൽ, കൊറ്റി, തളിർക്കുക, മരം, ഇല, കാട്, മീൻ, മലകൾ, വേനൽ, കാറ്റ്, പറവ, ആകാശം, വഴികൾ, വേരുകൾ, കുളം, പുഴ, കര, കടൽ.......തുടങ്ങിയ പദങ്ങൾ പലയിടങ്ങളിൽ കൂട്ടിച്ചേർത്ത് മിനുക്കിയെടുത്ത് പ്രണയവും കുളിർമ്മയും കൂട്ടിച്ചേർത്താണ് വീരാൻകുട്ടി തന്റെ കവിതാപ്രപഞ്ചം സൃഷ്ടിച്ചെടുത്തിട്ടുള്ളത്.

പ്രപഞ്ചത്തെയും, ജൈവവും അജൈവവുമായ സസ്യജന്തുജീവജാലങ്ങളെയും ജീവനതുല്യം സ്നേഹിക്കുന്ന പ്രകൃതി സ്നേഹിയായ ഒരു മനുഷ്യനെയും വീരാൻകുട്ടിയുടെ കവിതകളിൽ കണ്ടെത്താൻ സാധിക്കുന്നു.



കഥ

ഹിബ. പി 9A

# ഉമ്മ

മഗ്‌രിബ് ബാങ്ക് പള്ളിയിൽ നിന്ന് ഉയർന്നു കേട്ടു. ഫാത്തിമ കുടമെടുത്ത് വീട്ടിലേക്ക് നടന്നു. പൂർണ്ണചന്ദ്രൻ നിലാവൊഴുക്കുന്നുണ്ടായിരുന്നു. "മെല്ലെ നടന്നാൽ പോരെ ഫാത്തിമാ" ലക്ഷ്മി ചോദിച്ചു. "ഉമ്മ ഒറ്റക്കാണ്, പേടിക്കും" മെല്ല നടന്നിരുന്ന അവർ നടത്തത്തിന്റെ വേഗത വർധിപ്പിച്ചു. വീട്ടിലെത്തിയ ഉടനെ, വീടെന്നു പറയാൻ കൊള്ളില്ല.. ഒരു കുടിൽ! അങ്ങനെ പറയാം. "ഇത്താ വിശക്കുന്നു" കുഞ്ഞുമോൻ ഓടി വന്നു. " എന്റെ കയ്യിൽ ഒന്നുമില്ലല്ലോടാ". "ഇത്താ വിശക്കുന്നു, സഹിക്കാൻ പറ്റുന്നില്ല, ഇനി സഹിച്ചാൽ നമ്മൾ മയ്യത്താവും". ഫാത്തിമയുടെ കണ്ണിൽനിന്നും കണ്ണുനീർ ഉതിർന്നു വീണു. ആദ്യം തുള്ളികളായി, പിന്നെ ചാലായി, പിന്നെ പുഴയായി, പിന്നെ കടലായി, പിന്നെ സമുദ്രമായി.

എന്റെ ഉപ്പ ഉണ്ടായിരുന്നെങ്കിൽ.. അവൾ ഒരു നിമിഷം ചിന്തിച്ചു. അവൾ ഉമ്മാന്റെ മുറിയിലേക്ക് നടന്നു. അവളുടെ ഓരോ കാൽവെപ്പിലും ഉമ്മയോടുള്ള അളവറ്റ സ്നേഹത്തിന്റെ അടയാളങ്ങളുണ്ടായിരുന്നു. " ഉമ്മാ ...."

ഉമ്മയൊന്നു ഞരങ്ങി. "മോളേ... എന്നെക്കൊണ്ട് നിനക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടോ? കാൻസർ എന്ന രോഗം എന്നെ ബാധിക്കാതിരുന്നുവെങ്കിൽ... എന്റെ മക്കളേനിങ്ങൾക്ക് വിശക്കുന്നുണ്ടാകും ല്ലേ .. ഈ ഉമ്മാക്ക് കഴിയുന്നില്ലല്ലോ"

"ഉമ്മാ.. ഞാൻ കഞ്ഞി എടുക്കട്ടേ.. "

ഫാത്തിമ അകത്തേക്ക് നടന്നു. കഞ്ഞി എടുത്ത് മെല്ലെ ഉമ്മാന്റെ വായിലേക്ക് നീട്ടി. പക്ഷെ ഉമ്മ അത് കഴിച്ചില്ല. വിളി കേൾക്കാത്ത ലോകത്തേക്ക് ഉമ്മ അകന്നു പോയിരുന്നു.

# ലേഖനം

റീമ ഷംസ്. എം. സി. 9 H

## വിദ്യാർത്ഥികളും സമൂഹവും

ഇന്നത്തെ തലമുറയിലെ വിദ്യാർത്ഥികൾ സമൂഹമായി അടുക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. ചിലർ ശ്രമിക്കാതെയും. എന്നാൽ വിദ്യാർത്ഥികൾ സമൂഹത്തിന്റെ കണ്ണാടിയായി വളരേണ്ടതാണ്. വിദ്യാർത്ഥികളും സമൂഹവും ഒരുമിച്ചാൽ അത് ഒരു ഉന്നത വിജയത്തിന് കാരണമാകും. സാമൂഹിക പരിപാടികളിൽ കുട്ടികൾ ഏർപ്പെട്ടാൽ അത് നമുക്കും മറ്റുള്ളവർക്കും വലിയൊരു ആശ്വാസവും തണലും ആവും.

വിദ്യാഭ്യാസം ഏതൊരു വിദ്യാർഥിയുടെയും അവകാശമാണ്. എന്നാൽ പലർക്കും ഈ അവകാശം നിഷേധിക്കപ്പെടുന്നു. അധ്യാപനവും അധ്യയനവും ചേർന്നതാണ് വിദ്യാഭ്യാസം. എതിരാളിയെ നേരിടാൻ ഏറ്റവും നല്ല ആയുധം വിദ്യാഭ്യാസം തന്നെയാണ്. വിദ്യയും അഭ്യാസവും ചേർന്നതാണ് വിദ്യാഭ്യാസം. അല്ലാതെ മുഴുവനും പഠനവും മുഴുവൻ കളിയും അല്ല. രണ്ടും കൂടി ചേർന്നാലേ വിദ്യാഭ്യാസം ആവുകയുള്ളൂ. വിദ്യാഭ്യാസം നേടിയ ഒരു ജനതയ്ക്കേ നല്ലൊരു സമൂഹത്തെ വാർത്തെടുക്കുവാൻ പറ്റൂ.

ഒരു വ്യക്തിയെ വ്യക്തി എന്നും ഒരു കൂട്ടത്തെ ജനം എന്നും ഒരു ജനത്തെ സമൂഹമെന്നും പറയുന്നു. ഇന്നത്തെ ജനതയാണ് നാളത്തെ തലമുറ എന്ന് പറയുന്നത്. അതിനാൽ നമ്മൾ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടണം. സമൂഹത്തിൽ നല്ല പ്രവർത്തനങ്ങളും ചീത്ത പ്രവർത്തനങ്ങളും ഉണ്ട്. നല്ലതു മാത്രം ലക്ഷ്യം വെച്ചു കൊണ്ടും മറ്റുള്ളവരോടുള്ള സഹാനുഭൂതി കൊണ്ടും ചെയ്യുന്ന പ്രവർത്തനങ്ങൾ ആണ് നല്ല പ്രവർത്തനങ്ങൾ. എന്നാൽ തട്ടിപ്പും വെട്ടിപ്പും ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ചീത്ത പ്രവർത്തനങ്ങൾ. ഈ രണ്ടും മനസ്സിലാക്കി വേണം നമ്മൾ ഓരോ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത്

നല്ല കാര്യങ്ങൾ ലക്ഷ്യംവെച്ചുകൊണ്ട് ചെയ്യുന്ന സാമൂഹിക പ്രവർത്തനങ്ങളാണ് സ്കൗട്ട് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ്, എൻ സി സി, മുതലായവ നടത്തിവരാറുള്ളത്. പാവപ്പെട്ടവരെ സഹായിക്കുക,

നാടിനു ഗുണമുള്ള പ്രവർത്തനങ്ങൾ, ശുചിത്വം, അച്ചടക്കം, എന്നിവ പോലെയുള്ള കാര്യങ്ങളെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ വിദ്യാർഥി സംഘടനകൾ ചെയ്യാറുള്ളത്.

നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന തരത്തിലുള്ള ചില പ്രവർത്തനങ്ങൾ ഈയിടെ നമ്മൾ കാണാറുണ്ട്. ലഹരി ഉപയോഗം അതിൽപെട്ട ഒന്നാണ്. ഇന്നൊക്കെ ഏറ്റവും കൂടുതൽ ലഹരി ഉപയോഗിക്കുന്നത് സ്കൂൾ വിദ്യാർഥികളാണ്. അത് അവരിലേക്ക് എത്തിച്ചു കൊടുക്കുവാൻ വേണ്ടി ചില സാമൂഹിക വിരുദ്ധരും ഉണ്ട്. ഇന്നത്തെ വിദ്യാർത്ഥി ജനതയെ കള്ളിനും കഞ്ചാവിനും അടിമകളാക്കി കൊണ്ടിരിക്കുകയാണ് അവർ. അതിലൂടെ നാളത്തെ നമ്മുടെ സമൂഹമാണ് ഇല്ലാതെയാകുന്നത്. അതിന് നമ്മൾ സമ്മതിക്കാൻ പാടില്ല. ഇന്നത്തെ തലമുറ നന്നായാലേ നാളത്തെ തലമുറ നന്നാവുകയുള്ളൂ.

ഇന്നത്തെ തലമുറ നശിച്ചാൽ നാളേക്ക് തലമുറ ഉണ്ടാവുകയില്ല. അതോടൊപ്പം നല്ലൊരു സമൂഹവും നശിക്കും. വിദ്യാർത്ഥികൾ തന്നെയാണ് സമൂഹത്തെ വാർത്തെടുക്കുന്നത്. അതുപോലെ സമൂഹത്തെ നശിപ്പിക്കുന്നതും.

വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളിലൂടെ യാണ് വിവേകമുള്ള ജനതയിൽ സമൂഹവും ഉണ്ടാവുന്നത്. തിന്മയെ ഒഴിവാക്കി നന്മയെ മുൻനിർത്തിക്കൊണ്ട് തന്നെ നല്ല സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ട് നല്ലൊരു സമൂഹത്തെ വാർത്തെടുക്കാം. ഒന്നിക്കാം സമൂഹവുമായി, വിജയം കൈവരിക്കാം എന്നന്നേക്കുമായി.... ചിന്തയുള്ള, നന്മ നിറഞ്ഞ മനസ്സുള്ള വിദ്യാർത്ഥിസമൂഹം ആകാം...

## കഥ

ഫാത്തിമ നൂബിയ. 9 I

# ആ വിളിക്കായ് കാത്തിരുന്ന്

എവിടേക്കോ ഓടിപ്പോകുന്നമട്ടിൽ ചാടി ഇറങ്ങുകയാണ് വാനത്തിന്റെകണ്ണുനീർ. എങ്ങോട്ടെന്നില്ലാതെ ഒഴുകുകയാണ് ആ കണ്ണുനീർ തുള്ളികൾ. തന്റെ സങ്കടങ്ങൾ ആരോടും പറയാൻ ആകാതെ വിങ്ങിപ്പൊട്ടുക ആയിരുന്നു വാനം.

താൻ പോലും അറിയാതെ ആണ് ആ കണ്ണുനീർ തുള്ളികൾ ഭൂമിയിലേക്ക് ഉറ്റിവീണത്. ഭൂമിയാം പച്ചവിരിപ്പിലേക്ക് ഉറ്റിവീഴുന്ന ആ കണ്ണുനീർ തുള്ളികള്ക്ക് പല കഥകളും പറയാനുണ്ടായിരുന്നു. ആ ഓരോ തുള്ളികളും ഭൂമിയിലേക്ക് ഉറ്റിവീഴുന്നതിന്റെ തൊട്ടുമുമ്പ് അതിനെ ഒന്ന് നിരീക്ഷിച്ചാൽ ഭൂമി പുഞ്ചിരിച്ച് നിൽക്കുന്നത് കാണാം. നിലാവുള്ള ആ കുളിർമഴയത്ത് എന്റെ മനസ്സിലേക്ക് പല ഓർമകളും ഓടിവരുന്നു. മഴ ആസ്വദിക്കാനുള്ള അതിയായ ആഗ്രഹം മൂലം ഞാൻ മുറ്റത്തേക്ക് ഇറങ്ങി ആവോളം ആസ്വദിച്ചു. പെട്ടന്ന് ഒരു നിഴൽ എന്റെ പിറകിൽ പ്രത്യക്ഷമായി. ഞാനാകെ ഭയന്ന് വിറച്ചു എന്തുചെയ്യണമെന്നറിയാതെ ആകെ പരുങ്ങി. വീടിനുള്ളിലേക്ക് ഓടികയറണമെന്നുണ്ടായിരുന്നു പക്ഷെ ഭയം എന്നെ അതിനൊന്നും വിട്ടില്ല. അങ്ങനെ ഞാൻ പിറകിലേക്ക് തിരിഞ്ഞ് നോക്കി പക്ഷെ ആരേയും കാണാൻ കഴിഞ്ഞില്ല.

പെട്ടന്ന് എന്റെ പേര് ആരോ വിളിച്ചത് പോലെ എനിക്ക് തോന്നി. വീടിന് ചുറ്റും ഞാനാശബ്ദത്തിന്റെ ഉറവിടം അന്വേഷിച്ച് നടന്നു. പക്ഷെ നിരാശയായിരുന്നു ഫലം. എന്ത് ചെയ്യണമെന്നറിയാതെ ഞാനിതെല്ലാം അമ്മയോട് പറയാൻ വേണ്ടി വീട്ടിലേക്ക് ഓടി കയറി. അമ്മയോട് പറയുന്നിടക്ക് ജനാലയിലൂടെ ഞാൻ നോക്കിയപ്പോ ൾ ഒരു നിഴൽ കാണാൻ സാധിച്ചു. വിറച്ചുകൊണ്ട് എല്ലാം പറയാൻ സാധിച്ചില്ല.

അടുത്ത ദിവസം എനിക്ക് പേടിപ്പനിയായിരുന്നു. അന്ന് മറ്റൊരു മഴക്ക് വേണ്ടി കാത്തിരുന്നു. അതാരാണെന്നറിയാനുള്ള തിടുക്കം എന്റെ മനസ്സാകെനിറച്ചിരുന്നു. പിന്നീടൊരു മഴ ദിവസം ഞാൻ മുറ്റത്തേക്കിറങ്ങി. ആ വിളി കേൾക്കാൻ വേണ്ടി ആഗ്രഹിച്ചു.

അന്ന് ഉറങ്ങാതെ ആ വിളിയെ കാതോർത്ത് കിടന്നു...

# ലേഖനം

**ഷൈമ. പി .10 G**

## ചന്ദ്രൻ എന്ന വിസ്മയം

1969 ജൂലൈ 21 ആയിരുന്നു നീൽ ആംസ്ട്രോങ് എന്ന അമേരിക്കക്കാരൻ ചന്ദ്രനിൽ കാലുകുത്തിയത്. മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സംഭവങ്ങളിൽ ഒന്നായിരുന്നു അത്. അതുകൊണ്ടാണ് ചാന്ദ്രപ്രതലത്തിൽ ഇറങ്ങിയശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞത് "മനുഷ്യനെ സംബന്ധിച്ചിടത്തോളം കേവലം ഒരു ചെറിയ കാൽവെപ്പ്. എന്നാൽ മനുഷ്യരാശിക്കു വലിയ കുതിച്ചുചാട്ടവും". അക്ഷരാർത്ഥത്തിൽ ആ വാക്കുകൾ യാഥാർത്ഥ്യമായി. നീൽ ആംസ്ട്രോങ്ങിനു ശേഷം രണ്ടുവർഷത്തിനകം മറ്റ് പതിനൊന്നു പേർ കൂടി ചന്ദ്രനിൽ ഇറങ്ങി. മാത്രമല്ല കഴിഞ്ഞ 50 വർഷത്തിനിടെ നടന്ന ചാന്ദ്ര പഠനയാത്രകൾ നിരവധിയാണ്. ഭൂമിയുടെ ഉപഗ്രഹത്തെ കുറിച്ചുള്ള ഒട്ടേറെ പഠനങ്ങൾ ആണ് ഈ കാലത്ത് നടന്നത്. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ ഈ പഠനത്തിൽ പങ്കാളികളായി. ഇതിനുപുറമേ ബഹിരാകാശ പര്യവേക്ഷണ രംഗത്തേക്ക് കൂടുതൽ രാജ്യങ്ങൾ കടന്നുവരാൻ ഇടയായി. നേരത്തെ അമേരിക്കയും സോവിയറ്റ് യൂണിയനും മാത്രമാണ് ഈ മേഖലയിൽ ഉണ്ടായിരുന്നത്. ആ സ്ഥിതി മാറി യൂറോപ്പിലെയും ഏഷ്യയിലെയും രാജ്യങ്ങൾ ബഹിരാകാശ ഗവേഷണത്തിൽ വ്യാപൃതരായി. ചുരുക്കത്തിൽ നീൽ ആംസ്ട്രോങ്ങ് ശാസ്ത്രചരിത്രത്തിൽ ഒരു പുതുയുഗത്തിന് തുടക്കമിടുകയായിരുന്നു.

ചന്ദ്രനെ ഇഷ്ടപ്പെടാത്തവർ ആരുമുണ്ടാകില്ല. ചന്ദ്രനെക്കുറിച്ച് പാടാത്ത കവികളോ വർണ്ണിക്കാത്ത സാഹിത്യകാരന്മാരോ ഉണ്ടാകില്ല. പുരാതന സംസ്കാരങ്ങളിൽ എല്ലാം ചന്ദ്രൻ ദേവനോ ദേവതയോ ആയിരുന്നു. വലുപ്പത്തിലും ഭാരത്തിലും സൗരയൂഥത്തിലെ അഞ്ചാമത്തെ ഉപഗ്രഹമാണ് ചന്ദ്രൻ. ഭൂമിയുടെ ഉല്പത്തിക്കു ശേഷം രണ്ടോ മൂന്നോ കോടി വർഷം കഴിഞ്ഞാണ് ചന്ദ്രൻ രൂപംകൊണ്ടത്. അതായത് ഏകദേശം 460 കോടി വർഷം മുൻപ്! ഭൂമിയുടെ ഏക സ്വാഭാവിക ഉപഗ്രഹം ആണ് ചന്ദ്രൻ. ഭൂമിയുടെ നാലിലൊന്ന് വലിപ്പമേ ചന്ദ്രൻ ഉള്ളൂ. 3425 കിലോമീറ്ററാണ് വ്യാസം.

ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രന്റെ വിശേഷങ്ങളെക്കുറിച്ച് പഠിക്കുക എന്നതായിരുന്നു ചാന്ദ്ര യാത്രകളുടെ എല്ലാം ലക്ഷ്യം. വർഷങ്ങൾ നീണ്ട ഗവേഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും ഒടുവിൽ മനുഷ്യനെ തന്നെ ചന്ദ്രനിൽ ഇറക്കാൻ ശാസ്ത്ര ലോകത്തിനായി. 1959 ൽ സോവിയറ്റ് യൂണിയൻ വിക്ഷേപിച്ച ലൂണ 2 ആണ് ചന്ദ്രനിലിറങ്ങിയ ആദ്യത്തെ കൃത്രിമോപഗ്രഹം. ചാന്ദ്ര പര്യവേഷണവും പര്യടനവും ലക്ഷ്യമാക്കി യു.എസ് ആസൂത്രണം ചെയ്ത ബഹിരാകാശ പദ്ധതിയാണ് അപ്പോളോ ദൗത്യങ്ങൾ. യവന പുരാണത്തിലെ സൂര്യ ദേവനായ അപ്പോളോയെ അവലംബിച്ചാണ്

ഐതിഹാസികമായ യാത്രാ പദ്ധതിക്ക് അപ്പോളോ പദ്ധതി എന്ന് പേരിട്ടത്. അപ്പോളോ ബഹിരാകാശ പേടകവും സാറ്റേൺ റോക്കറ്റുമാണ് ഈ യാത്രകൾക്ക് ഉപയോഗിച്ചത്.

മനുഷ്യനെ ആദ്യമായി ചന്ദ്രനിലിറക്കിയ ബഹിരാകാശ ദൗത്യമായിരുന്നു അപ്പോളോ 11. 1969 ജൂലൈ 16 ന് ഫ്ലോറിഡയിൽ നിന്നു വിക്ഷേപിക്കപ്പെട്ട ദൗത്യത്തിൽ നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ, മൈക്കൽ കോളിൻസ്, എന്നിവരായിരുന്നു യാത്രികർ. ഈഗിൾ എന്ന ചാന്ദ്ര പേടകത്തിൽ ജൂലൈ 21 ന് ആംസ്ട്രോങ്ങും ആൽഡ്രിനും ചന്ദ്രനിൽ കാലുകുത്തി. 21 മണിക്കൂറും 31 മിനുട്ടും അവർ ചന്ദ്രോപരിതലത്തിൽ ചിലവഴിച്ചു. ജൂലൈ 24 ന് മൂവരും ഭൂമിയിൽ തിരിച്ചെത്തി.

മനുഷ്യനെ ചന്ദ്രനിൽ ഇറക്കാനുള്ള ദൗത്യങ്ങളിൽ അവസാനത്തേതായിരുന്നു അപ്പോളോ 17. ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ അഭിമാന പദ്ധതിയായിരുന്നു ചന്ദ്രയാൻ. രാജ്യത്തിൻറെ പ്രഥമ ചാന്ദ്രദൗത്യം ആണിത്. ചാന്ദ്രയാൻ എന്ന വാക്കിന് ചാന്ദ്രവാഹനം എന്നാണ് അർത്ഥം. 2008 ഒക്ടോബർ 22 ന് ആന്ധ്രയിലെ സതീഷ് ധവാൻ സ്പേസ് സെൻ്ററിൽ നിന്നാണ് ചാന്ദ്രയാൻ 1 വിക്ഷേപിച്ചത്. നവംബർ എട്ടിന് ചാന്ദ്രയാൻ ചന്ദ്രൻറെ ഭ്രമണപഥത്തിലെത്തി. ഇതോടെ ചന്ദ്രോപരിതലത്തിൽ എത്തിയ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി.

ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ ആംസ്ട്രോങ്ങ് മുതൽ അവസാനമായി നടന്ന യൂജിൻ സെർനാൻ വരെ 12 മനുഷ്യർ ചന്ദ്ര ലോകത്ത് നടന്നു. സങ്കല്പ സ്വർഗ്ഗത്തിലെ ചന്ദ്രനെ തങ്ങളുടെ പാദസ്പർശത്താൽ യാഥാർത്ഥ്യത്തിന്റെ കവിതയാക്കി മാറ്റി അവർ ഓരോരുത്തരും. ത്രസിപ്പിക്കുന്ന അനുഭവങ്ങളുടെ പരമ്പര തന്നെയുണ്ട് ചാന്ദ്ര യാത്രകൾക്ക് പിന്നിൽ. ഉപഗ്രഹങ്ങളുടെയും വിക്ഷേപണ വാഹനങ്ങളുടെയും പരീക്ഷണങ്ങളും ജയപരാജയങ്ങളും.

ഇന്ന് തിങ്കൾ മാനത്തെ പാൽകിണ്ണമല്ല; ഭാവിയിലെ ഗ്രഹാന്തര യാത്രകൾക്കായി മനുഷ്യർ രൂപപ്പെടുത്തുന്ന ഇടത്താവളമായി ചന്ദ്രൻ മാറിക്കൊണ്ടിരിക്കുകയാണ്.



## ആസ്വാദനക്കുറിപ്പ്

ഹിഷ. കെ. 8 H

### മോനിയ എന്ന കുട്ടി

ഡൽഹിയിലെ ഗാന്ധിസ്മൃതി ദർശൻ സമിതി പ്രസിദ്ധീകരിച്ച "മോനിയ എന്ന കുട്ടി" എന്ന കഥ എഴുതിയത് ഹേമന്ത് ആണ്. ഈ കഥ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തത് ടി. കെ. അച്ച്യുതൻ. ഗാന്ധിജിയുടെ കുട്ടിക്കാലത്തെക്കുറിച്ചതാണ് ഈ കഥയിൽ പറയുന്നത്.

ഗാന്ധിജി എഴുതിയ പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവയുടെ മലയാള പരിഭാഷയും ഗാന്ധിജിയെക്കുറിച്ച് മറ്റുള്ളവർ എഴുതിയവയും വായനക്കാരിൽ എത്തിക്കുക എന്ന ദൗത്യം സ്വയം ഏറ്റെടുത്ത് കഴിഞ്ഞ കാൽ നൂറ്റാണ്ടായി നിരന്തരം പ്രവർത്തിച്ചുവരുന്ന പൂർണോദയ ബുക്ക് ട്രസ്റ്റ് ഗാന്ധി ദർശൻ പഠന പരിപാടിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഒരു ലഘു പുസ്തകമാണ് "മോനിയ എന്ന കുട്ടി" ആസ്പദമാകുന്നത്.

# ലേഖനം

**മുബീൻ. എൻ. 8 D**

## അതിജീവന പാതയിൽ

നവംബർ 1 കേരളപ്പിറവി ദിനം. 1956 നവംബർ ഒന്നിന് ആണ് കേരള സംസ്ഥാനം രൂപം കൊണ്ടത്. പണ്ടത്തെ കേരളത്തിൽ നിന്നും ഏറെ വ്യതിചലിച്ചിരിക്കുന്ന ഇന്നത്തെ കേരളം നമ്മുടെ പൂർവ്വികർ നമുക്കായി കൈമാറിയ കേരളം നാം നശിപ്പിച്ചു. കേരളത്തിന്റെ സുന്ദര പ്രകൃതി നാം വയലുകൾ നികത്തിയും കുന്നിടിച്ചും കായൽ സ്ഥലങ്ങൾ കയ്യേറിയും വനങ്ങൾ നശിപ്പിച്ചുമെല്ലാം വികൃതമാക്കി. അതിന്റെ ഫലമായി നാമിപ്പോൾ ദുരിതങ്ങൾ അനുഭവിക്കുന്നു. 2013 ൽ പശ്ചിമഘട്ട മലനിരകളിൽ ഖനന പ്രവർത്തനങ്ങളും പാറപൊട്ടിക്കലും തകൃതിയായ സന്ദർഭത്തിൽ ഗാഡ്ഗിൽ പറഞ്ഞപോലെ അഞ്ച് വർഷത്തിന് ശേഷം നാം ആദ്യ പ്രളയത്തിന് ഇരയായി. 2018 ആഗസ്റ്റിലായിരുന്നു ഇത്. അതിനു ശേഷം ഒരു പുതു കേരളമായി ഭവിക്കുന്നതിനിടക്കാണ് 2019 ൽ അതെ മാസത്തിൽ തന്നെ പ്രളയം ആവർത്തിച്ചത്. അടുത്ത വർഷം വീണ്ടും കേരളത്തിന്റെ കാലമായി പ്രളയം കടന്നു വരുമോ എന്ന് ആർക്കറിയാം.

ഒരു നവകേരള നിർമ്മിതി വളരെ പ്രസക്തമായ ഒരു കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. രണ്ട് വർഷങ്ങൾ തുടർച്ചയായുണ്ടായ പ്രളയം വിധേന കേരളത്തിന് ഒട്ടേറെ നാശങ്ങൾ വിതച്ചു. നൂറോളം പേര് മരണമടഞ്ഞു. ഈ സാഹചര്യത്തിൽ നവകേരള നിർമ്മിതി എന്നത് അസാധ്യമോ അല്ലെങ്കിൽ സമയമെടുക്കുന്നതോ ആണ്. ഒരു നവ കേരളം പുതുക്കി പണിയുന്നതിനിടക്ക് ഇനിയും വല്ല ദുരന്തങ്ങളുമുണ്ടാകുമോ എന്നത് ഉത്തരമില്ലാത്ത ഒരു ചോദ്യചിഹ്നമായി കിടക്കുന്നു. നാം പ്രളയ പുനരധിവാസത്തിനായി സംഭാവന ചെയ്യുന്ന ധനത്തിൽ ഗവൺമെന്റ് അഴിമതി നടത്തുന്നുവെങ്കിൽ, അല്ലെങ്കിൽ ഇന്ത്യാഗവണ്മെന്റ് കൊച്ചു കേരളത്തെ പരിഗണിച്ചില്ലെങ്കിൽ അത് നവകേരള നിർമ്മിതിക്ക് തടയിടുമെന്ന കാര്യവും ഭരണകൂടം ആലോചിക്കേണ്ടതുണ്ട്.

ഇങ്ങനെയൊക്കെ ആണെങ്കിലും നമ്മൾ കേരളക്കരക്കാർ ഒത്തൊരുമിച്ച് നിന്നാൽ നവകേരള നിർമ്മിതി എന്നത് നിസ്സാരമാണ്. ഒത്തുപിടിച്ചാൽ മലയും പോരും എന്നാണല്ലോ. നാം ഭരണകൂടവുമായി സഹകരിച്ച് പ്രവർത്തിച്ചാൽ നമുക്ക് പണ്ടുകാല കേരളത്തിലേക്ക്, അല്ലെങ്കിൽ ഒരു പുതിയ

കേരളത്തിലേക്ക് ദുരിതകേരളത്തെ കൈപിടിച്ചുയർത്താൻ സാധിക്കും. അതിനുവേണ്ടി നമുക്ക് എന്തെല്ലാം ചെയ്യാമെന്ന് നാം ആലോചിക്കേണ്ടതുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും മണ്ണ് സംരക്ഷിച്ചും ജലാശയങ്ങൾ സംരക്ഷിച്ചും നമുക്ക്  ഒരു നവകേരളം സൃഷ്ടിക്കാം. വിദ്യാർത്ഥികളായ നമുക്ക് പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുത്തും സാമ്പത്തിക സഹായങ്ങൾ നൽകിയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത് നവകേരള നിർമ്മിതിയിൽ പങ്കുകൊള്ളാം. നവകേരള നിർമ്മിതിക്കായി നമുക്ക് ജാതി മത ഭേദമന്യേ കൈകോർക്കാം.



## ആസ്വാദനക്കുറിപ്പ്

മുഹമ്മദ് ഷഹീർ. T. 8 H

# ജൂലിയസ് സീസർ

ഞാൻ വായിച്ച കഥയുടെ പേര് ജ്യൂലിയസ് സീസർ എന്നാണ്. അത് രചിച്ചത് സിബി ജോർജ് ആണ്. ഇതിൽ 17 കഥകളുണ്ട്. ഇത് വളരെ രസകരമായ ഒരു ബുക്കാണ്. ഇത് ഞാൻ മുഴുവൻ വായിക്കാതെ തന്നെ എനിക്ക് വളരേ ഇഷ്ട്ടമായി. ഇതിന്റെ തുടക്കത്തിൽ തന്നെ അവരുടെ ജീവിതത്തിന്റെ ഓരോ മുഖ്യ നിമിഷങ്ങളും ഇതിൽ വിശദീകരിക്കുന്നു.

ഇതിൽ William Shakespeare, Julius Caesar, Antony എന്നവരുടെയും മറ്റു പ്രശസ്തമായ മനുഷ്യരുടേയും ജീവിതത്തിൽ അനുഭവിച്ച പ്രയാസങ്ങളേയും യുദ്ധങ്ങളേയും പറ്റി പറയുന്നു. ഓരോ രാജ്യത്തിന്റെയും അവർക്കെതിരെ  ഉണ്ടായ യുദ്ധങ്ങളും അവർ എന്നാണ് തകർക്കപ്പെട്ടതും എന്നും അവരുടെ തലവൻ ആരാണെന്ന് എന്നൊക്കെ ഇതിൽ വിശദീകരിക്കുന്നു. വലിയ വലിയ മഹാന്മാരുടെ യുദ്ധവും അവർ എങ്ങനെയാണ് മരിച്ചത് എന്നതെല്ലാം ഇതിൽ വ്യക്തമായി പറയുന്നു. അവരുടെ അമ്മയുടെ പേര്, അച്ചന്റെ പേര്, ജനിച്ചവർഷം, മരിച്ചവർഷം, അവർക്ക് എത്ര മക്കളുണ്ട്, അവർ എവിടെയാണ് പഠിച്ചത് എന്നെല്ലാം. ഈ കഥ തികച്ചും എനിക്ക് വളരെ ഇഷ്ടമായി.

# ലേഖനം

**കാവ്യ കൃഷ്ണ 9 A**

## പ്രകൃതിസംരക്ഷണം മനുഷ്യസംരക്ഷണത്തിന്

പ്രകൃതിയുമായുള്ള മനുഷ്യൻറെ ബന്ധം വളരെ വലുതാണ്. മനുഷ്യന്റെ ഭക്ഷണവും പാർപ്പിടവും സംസ്കാരവും കൃഷിയും വ്യവസായവും എല്ലാം പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്.

ആകാശവും ഭൂമിയും അതിലെ സർവ്വ ചരാചരങ്ങളും ദൈവം സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യ ജീവിതം സുഖകരവും ധന്യവുമാക്കാൻ ആണ്.

ഭൂമിയിലെ ജനജീവിതവും അവരുടെ ആഗ്രഹങ്ങളും വർദ്ധിക്കുന്തോറും പ്രകൃതിവിഭവങ്ങളും വർദ്ധിക്കുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടുള്ള ഒരാൾക്ക് ഒരിക്കലും ഈ പ്രകൃതിയെ ഇല്ലാതാക്കാനോ മലിനമാക്കാനോ സാധിക്കുകയില്ല. മണ്ണ് ഒലിച്ചു പോകുന്നതും മലിനജലം കെട്ടി നിൽക്കുന്നതും മനുഷ്യൻറെ ആരോഗ്യത്തെയും നിലനിൽപ്പിനെയും ബാധിക്കുന്നു. അനേകം രോഗങ്ങൾക്കും പകർച്ചവ്യാധികൾക്കും കാരണമാവുന്ന കൊതുകുകളുടെ കേന്ദ്രം മലിനജലം ആണ്. മനുഷ്യശരീരത്തിലെ വളർച്ചയ്ക്ക് ആവശ്യമായ പ്രോട്ടീൻ നൽകുന്ന ആഹാരത്തിന് ആശ്രയിക്കുന്നത് ചെടികളിൽ നിന്നുള്ള പഴവർഗ്ഗങ്ങളെ ആണല്ലോ. രാസവളം ചേർത്ത് ചെടികളിൽ നിന്നും ഉണ്ടാവുന്ന പഴവർഗ്ഗങ്ങൾ കഴിച്ച് എത്ര പേരാണ് അകാലചരമം പ്രാപിച്ചത്.....

എൻഡോസൾഫാൻ കീടനാശിനികളുടെ പ്രയോഗം മൂലം അംഗവൈകല്യം സംഭവിച്ച ജനങ്ങളുടെ ഒരു കൂട്ടം തന്നെ കാസർകോട് ജില്ലയിൽ ഉണ്ട്. മനുഷ്യനും ജീവജാലങ്ങൾക്കും അത്യാവശ്യമായ ഗ്ലൂക്കോസ് സൂര്യപ്രകാശത്തിൽ കൂടെയുള്ള പ്രവർത്തനങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ കൃഷിയുടെയും ചെടികളുടെയും വളർച്ചയ്ക്ക് സൂര്യ പ്രകാശം എത്രത്തോളം വിലമതിക്കുന്നത് ആണെന്ന് പറയേണ്ടതില്ല.

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണം മനുഷ്യ സംരക്ഷണത്തിന് വേണ്ടിയാണ് എന്ന് സാരം.

പ്രകൃതി വളരെ മനോഹരമാണ്. ഈ മനോഹാരിത ഇല്ലാതാവുന്നത് പ്രകൃതി മലിനമാകുന്നതിലൂടെയാണ്. പ്ലാസ്റ്റിക് വസ്തുക്കളും ആഹാരസാധനങ്ങളും വലിച്ചെറിയുന്നതിലൂടെ പ്രകൃതി മലിനമാകുന്നു.

ചിന്തിക്കാനും പ്രവർത്തിക്കാനും ശേഷിയുള്ള മനുഷ്യർ ചെയ്തുകൂട്ടുന്ന അതിക്രമങ്ങളാണ് ഇന്ന് പരിസ്ഥിതി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. അത്തരം ചൂഷണങ്ങൾ തടഞ്ഞില്ലെങ്കിൽ സുനാമി, ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിലൂടെ പ്രകൃതിതന്നെ തിരിച്ചടിക്കാൻ തുടങ്ങും. ഇപ്പോൾ സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങൾ പലതും അതിന് തെളിവാണ്. സർവചരാചരങ്ങൾക്കും വേണ്ടി സൃഷ്ടിച്ച ഭൂമിയെ സംരക്ഷിക്കാൻ നാം ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട് എന്ന് ഓർക്കുക. ചുരുക്കത്തിൽ വെള്ളവും വായുവും മണ്ണും വൃത്തികേടാക്കാതെ സൂക്ഷിച്ചാൽ മനുഷ്യജീവിതത്തിന് ഭീഷണിയാവുന്ന പരിസ്ഥിതി മലിനീകരണത്തിൽ നിന്ന് നമുക്ക് രക്ഷ പ്രാപിക്കാം.



കവിത

ജസ്ന പർവീൺ. യു. 8 D

# ഈറനണിയുന്ന പകൽ

ഉണരുന്ന സൂര്യന്റെ
നെറുകയിൽ എരിയുന്ന
മൗനമായ്  കരയുന്ന മിഴികൾ

എരിയുന്ന മനുഷ്യന്റെ
കണ്ണുനീർ തുള്ളിയായ്
ഒരു പകൽ നനഞ്ഞലിയുന്നു

പിടയുന്ന മാനവും
എരിയുന്ന സൂര്യനും
കരയുന്ന മനുജന്റെ
മിഴികളായ്
കണ്ണുനീർക്കടലായ്

രാവും പകലും
തിരിച്ചറിവീല -ഞാൻ
കുഞ്ഞുകിടാങ്ങൾ തൻ
മിഴികളിൽ.

തുളുമ്പുന്ന മിഴികളോ കരയുന്നു
നനവാർന്ന പകലുമായ്
ഉയരുന്ന സൂര്യന്റെ
നെറുകയിൽ ചൂടുമീ
പൂമാലയായ്
കണ്ണുനീർത്തുള്ളിയായ്
ഉയരുന്ന പകലും യാത്രയാകുന്നു.

***********

*"നീഹാരം" തയാറാക്കുന്നതിന് സഹായിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി....*